Deivarajyam July 2016
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/7/2016
● Posted at Thodupuzha Stg.
Annual Subscription 100.00




# ദൈവരാജ്യം

## കോതമംഗലം രൂപത ബുള്ളറ്റിൻ



വാല്യം 55
ജൂലൈ 2016
ലക്കം 7




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

# ദൈവരാജ്യം

EPARCHY OF KOTHAMANGALAM

LOVE NEVER ENDS




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 55**
**ജൂലൈ 2016**
**ലക്കം 7**

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

| | പേജ് |
|---|---|
| സർക്കുലർ | 5 |
| സഭാദിനം-ഇടയലേഖനം | |
| യുവജനദിനം-2016 | 9 |
| രൂപതക്കച്ചേരി | 13 |
| മൈനർ സെമിനാരി | 19 |
| വിജ്ഞാനഭവൻ | 20 |
| വിദ്യാഭ്യാസം | 23 |
| തിരുബാലസഖ്യം | 26 |
| ചെറുപുഷ്പമിഷൻലീഗ് | 27 |
| കെ.സി.എസ്.എൽ. | 30 |
| ദീപിക ഫ്രണ്ട്സ് ക്ലബ് | 31 |
| യുവദീപ്തി | 33 |
| ജീസസ് യൂത്ത് | 34 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 35 |
| മാതൃവേദി | 37 |
| ഡി.സി.എം.എസ്. | 38 |
| എ.കെ.സി.സി. | 39 |
| ഇൻഫാം | 40 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 40 |
| പ്രാർത്ഥനാഗ്രൂപ്പ് | 41 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 42 |
| വിൻസെന്റ് ഡി പോൾ | 43 |
| നെസ്റ്റ് പ്രോഗ്രാം | 44 |
| തിരുനാൾ മംഗളങ്ങൾ | 44 |
| വാർത്തകളും വിശേഷങ്ങളും | 45 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 46 |
| ബിഷപ്സ് പ്രോഗ്രാം | 49 |
| പ്രാർത്ഥനയിൽ ഓർക്കാം | 49 |
| നിര്യാതരായി | 49 |



## ഓർമ്മിക്കാൻ

### ജൂലൈ

| | | |
|---|---|---|
| 6 | – | പ്രഥമാദ്ധ്യാപക സമ്മേളനം |
| 6-8 | – | വിവാഹ ഒരുക്ക സെമിനാർ |
| 8 | – | സി.എം.എൽ. മാനേജിംഗ് കമ്മിറ്റി |
| 9 | – | സി.എം.എൽ. രൂപതാ കൗൺസിൽ |
| | – | തിരുബാലസഖ്യം ആനിമേറ്റേഴ്സ് മീറ്റ് |
| | – | യുവദീപ്തി അർദ്ധവാർഷിക കൗൺസിൽ |
| 9-10 | – | നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ് പ്രോഗ്രാം |
| 12 | – | Priests' Study Forum |
| 20-22 | – | വിവാഹ ഒരുക്ക സെമിനാർ |
| 21 | – | ദൈവശാസ്ത്ര-ദാർശനിക-കാനൻനിയമ വിദഗ്ദ്ധരുടെ സമ്മേളനം |
| 30 | – | കെ.സി.എസ്.എൽ ആനിമേറ്റേഴ്സ് മീറ്റ് |

### തിരുനാളുകൾ

| | | |
|---|---|---|
| 03 | : | മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ |
| 08 | : | നിസിബിസിലെ വി. യാക്കോബ് |
| 11 | : | വി. ബനഡിക്ട് |
| 15 | : | മാർ മാറി, വി. കുര്യാക്കോസും വി. ജൂലിറ്റായും |
| 16 | : | കർമ്മലമാതാവ് |
| 25 | : | വി. യാക്കോബ് ശ്ലീഹാ |
| 26 | : | വി. ജോവാക്കിമും വി. അന്നായും |
| 28 | : | വി. അൽഫോൻസാ |
| 29 | : | വി. മർത്താ |
| 30 | : | വി. ഇഗ്നേഷ്യസ് ലയോള |

Prot.No.0648/2016 30 May 2016

# സഭാദിനം - ഇടയലേഖനം

## സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്
## മാർ ജോർജ് ആലഞ്ചേരി
## തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
## കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സാർവ്വത്രിക സഭ കാരുണ്യവർഷം ആഘോഷിക്കുന്ന സന്ദർഭമാണല്ലോ ഇത്. നമ്മുടെ എല്ലാ അതിരൂപതകളിലും രൂപതകളിലും കാരുണ്യവർഷത്തിന്റെ സന്ദേശം മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരായ സഹോദരീസഹോദരന്മാരും നന്നായി സ്വീകരിച്ചുകാണുന്നതിൽ സന്തോഷം അറിയിക്കുന്നു.

കുടുംബങ്ങൾക്കു വേണ്ടിയുള്ള റോമിൽ നടന്ന രണ്ടു സിനഡുകൾക്കുശേഷം ഈ കാരുണ്യവർഷത്തിൽ തന്നെ *സ്നേഹത്തിന്റെ സന്തോഷം* എന്ന അപ്പസ്തോലിക പ്രബോധനം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഈ പ്രബോധന രേഖയുടെ ഉള്ളടക്കത്തെയും അത് ഉദ്ദേശിക്കുന്ന കുടുംബ നവീകരണ പദ്ധതികളെയും കുറിച്ച് നമ്മുടെ സഭയിലെ മേലധ്യക്ഷന്മാരുടെയും മറ്റ് സഭാശ്രുശ്രൂഷകരുടെയും ലേഖനങ്ങളും നിർദ്ദേശങ്ങളുമൊക്കെ സഭാമക്കൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്.

കുടുംബത്തെ ത്രിത്വൈകദൈവത്തിന്റെ പ്രവർത്തനമേഖലയായിട്ടാണ് പരിശുദ്ധപിതാവ് കാണുന്നത്. ഇനി മുതൽ സഭയുടെ അജപാലനപരവും പ്രേഷിതപരവുമായ പ്രവർത്തനങ്ങൾ കുടുംബത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതാകണം എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സഭാശുശ്രൂഷാരീതികളിൽ അടിസ്ഥാനപരമായ മാറ്റം വന്നാലെ ഇതു സാധ്യമാകുകയുള്ളൂ. ദൈവാരാധന, വിശ്വാസപരിശീലനം, ഇടവകപ്രവർത്തനങ്ങൾ, പ്രത്യേക പ്രേഷിത പരിപാടികൾ, ഇടവകയിലെ ഘടനാപരമായ പ്രവർത്തനങ്ങൾ എന്നിവയിലൂടെ വിദ്യാഭ്യാസപരവും ആതുരശുശ്രൂഷാപരവും സാമൂഹിക



ക്ഷേമപരവും പരസ്നേഹപരവുമായ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനമായി കുടുംബത്തിന്റെ നന്മയും വളർച്ചയും ലക്ഷ്യമാക്കുവാൻ നാം പരിശ്രമിക്കണമെന്നതാണ് ഈ പുതിയ ശൈലിക്ക് ആവശ്യകമായ വീക്ഷണം. അതിനുള്ള ചർച്ചകൾ, കുടുംബക്കൂട്ടായ്മ, സംഘടനകൾ വിശിഷ്യ, കത്തോലിക്കാകോൺഗ്രസ്, സെമിനാറുകൾ എന്നിവയിലൂടെ ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ അജപാലകർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ജൂലൈ 3-ാം തീയതി വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ ദുക്റാനാ തിരുനാൾ നാം ആഘോഷിക്കുകയാണല്ലോ. തോമാശ്ലീഹാ നമ്മുടെ സഭയുടെ പിതാവാകയാൽ ദുക്റാനാതിരുനാളിൽ സഭയെത്തന്നെയാണ് നാം ചിന്താവിഷയമാക്കേണ്ടത്. ലോകത്തിൽ സഭയുടെ ദൗത്യം മിശിഹായുടെ ദൗത്യം തന്നെയാണ്. ദൈവത്തിന്റെ സ്നേഹം പ്രഘോഷിക്കുവാനും ആ സ്നേഹത്തിനു സാക്ഷ്യം വഹിക്കുവാനും ജീവൻ തന്നെയും വിലയായിക്കൊടുത്തും മിശിഹായെപ്പോലെ ദൈവസ്നേഹത്തിന് സാക്ഷ്യം വഹിക്കുവാനുമുള്ള വിളിയാണ് ക്രൈസ്തവ ദൈവവിളി.

സിറിയായിലും മറ്റ് പശ്ചിമേഷ്യൻ രാജ്യങ്ങളിലും ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ മനുഷ്യർ ക്രൂരമായി കൊല്ലപ്പെടുന്ന വേദനാജനകമായ സംഭവങ്ങൾ മാധ്യമങ്ങളിലൂടെ നാം അറിഞ്ഞു കൊണ്ടിരിക്കുകയാണല്ലോ. ആ വീരാത്മാക്കളെ നമുക്കു ദൈവതിരുസന്നിധിയിൽ സമർപ്പിക്കാം. നമ്മുടെ ഭാരതത്തിലും വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ ഏല്ക്കേണ്ടിവരുന്ന ക്രൈസ്തവസഹോദരങ്ങൾ ഉണ്ട്. ഏതവസരത്തിലും വിശ്വാസത്തിനു സാക്ഷ്യം വഹിക്കുവാനുള്ള ശക്തി നമുക്കു ലഭിക്കുന്നതിനുവേണ്ടി നാം നിരന്തരം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവനാണ് മാർത്തോമ്മാശ്ലീഹാ. മാർത്തോമ്മായുടെ മക്കളും വിശ്വാസത്തിനു വേണ്ടി വീരോചിതസാക്ഷ്യം നല്കുവാൻ സന്നദ്ധരാകണം.

തോമാശ്ലീഹാ പ്രേഷിതനാണ്. അദ്ദേഹത്തെപ്പോലെ നാമും പ്രേഷിതരാകേണ്ടവരാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം (1 കോറി. 9: 16) എന്നാണ് പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നത്.സാഹചര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും സുവിശേഷം ആവശ്യപ്പെടുന്ന ത്യാഗം ഏറ്റെടുക്കാനും നമുക്കു കഴിയണം. ഇന്നത്തെ സാഹചര്യത്തിൽ പ്രേഷിത പ്രവർത്തനമെന്നു പറഞ്ഞാൽ മിശിഹാ നല്കിയ സുവിശേഷ മൂല്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ഇതര മതങ്ങളിലെയും സംസ്കാരങ്ങളിലെയും മൂല്യങ്ങളോട് ചേർത്തു സുവിശേഷമൂല്യങ്ങളെ

മനുഷ്യസമൂഹത്തിന്റെ പൊതുസമ്പത്തായി മാറ്റുകയും ചെയ്യുക എന്നതാണ്. ജാതിമതഭേദമെന്യേ എല്ലാവരോടും സ്നേഹപൂർവം ഒന്നുചേർന്നു ജീവിക്കുവാനും ജീവിതത്തിന്റേതായ സംവാദത്തിലൂടെ മാനവസമൂഹത്തെ പൊതുവായ ഒരു സാംസ്കാരിക മാനവികതയിലേക്കു ഉയർത്തി പ്രതിഷ്ഠിക്കുവാനും നമുക്കു കഴിയണം. മനുഷ്യവംശത്തിൽ ആരും ആർക്കും അന്യരല്ലെന്നും എല്ലാവരും എല്ലാവർക്കും സഹോദരീസഹോദരൻമാരാണെന്നുമുള്ള മാനവികതയുടെ സംസ്കാരം പടുത്തുയർത്തുവാൻ നമുക്കു സാധിക്കണം.

ദൈവം നമ്മെ സ്നേഹിക്കുന്നു. അവിടുത്തേക്കു മുഖം നോട്ടമില്ല. എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്ന ദൈവസ്നേഹത്തിന്റെ ശൈലി നമ്മുടെ സ്നേഹത്തിന്റെ ശൈലിയാകണം. നമ്മെ സ്നേഹിക്കുന്നവരെ മാത്രം നമ്മൾ സ്നേഹിച്ചാൽ നമുക്ക് ഒരു സവിശേഷതയുമില്ലെന്ന് ഈശോ പറഞ്ഞിട്ടുണ്ട്. നമ്മെ ദ്രോഹിക്കുന്നവരെ പോലും സ്നേഹിക്കുവാനുള്ള ഉദാരത നമുക്കുണ്ടാകണമെന്നർത്ഥം.

സമൂഹത്തിന്റെ എല്ലാ അന്തർധാരകളിലും സാമ്പത്തികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരിക വുമായ എല്ലാ മേഖലകളിലും ക്രൈസ്തവ സ്നേഹമായിരിക്കണം നമ്മുടെ ജീവിതത്തിന്റെ ചാലകശക്തി. ഈ രംഗങ്ങളിലെല്ലാം സുതാര്യതയോടും നീതിബോധത്തോടും കാരുണ്യത്തോടും കൂടെ പ്രവർത്തിക്കുവാൻ നമുക്കു സാധിക്കണം. അനീതിയും അഴിമതിയും ഇല്ലാത്ത സമൂഹമാണ് ക്രൈസ്തവർ സൃഷ്ടിക്കേണ്ടത്.

ക്ലേശിതർക്കും ദുഃഖിതർക്കും ദരിദ്രർക്കും പീഡിതർക്കും രോഗികൾക്കും ആകുലർക്കും ആശ്രയവും അഭയവുമാകാൻ നമുക്കു കഴിയണം.ദൈവത്തിന്റെ മുഖം കാരുണ്യമാണെന്നു ഫ്രാൻസീസ് പാപ്പായിലൂടെ സഭ ഇന്നു പറയുന്നു. നമ്മുടെ മുഖവും കാരുണ്യത്തിന്റേതാകണം. കാരുണ്യം വഴിഞ്ഞൊഴുകുന്ന വാക്കുകളും പ്രവൃത്തികളും നമ്മുടെ അനുദിനജീവിതശൈലിയാകണം.

സ്നേഹത്തിലും കാരുണ്യത്തിലും അടിയുറച്ച പ്രവർത്തന ശൈലി, ശരിയായ വിശ്വാസത്തിന്റെ പ്രകാശനമാണ്. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണല്ലോ വി. പൗലോസ് ശ്ലീഹാ നമ്മിൽ നിന്നാവശ്യപ്പെടുന്നത് (ഗലാ. 5:6). അപ്രകാരം നമ്മുടെ വിശ്വാസത്തെ നമുക്കു സ്നേഹത്തിലൂടെ പ്രവർത്തനനിരതവും ഫലപ്രദവുമാക്കാം.

മാർത്തോമ്മാദിനത്തിൽ നമ്മുടെ സഭാംഗങ്ങളായ പ്രവാസികളെ ഓർമ്മിക്കാതിരിക്കുവാൻ നിർവാഹമില്ല. സഭയുടെ സ്വയംഭരണാവകാശമുള്ള പ്രദേശങ്ങളിൽ വസിക്കുന്ന സഭാമക്കളെപ്പോലെ



തന്നെയാണ് അവരും. പ്രവാസിപ്രദേശങ്ങളിൽ നമ്മുടെ സഭയുടേതായ അജപാലനസംവിധാനങ്ങൾ ഇനിയും നമുക്കു പൂർണമായി ലഭിച്ചിട്ടില്ല. അവ ഇനിയും ലഭിക്കാത്തിടത്തു ആ ലക്ഷ്യം സാധിക്കുന്നതിനായി സഭാമക്കളെല്ലാവരും പ്രാർത്ഥിക്കണമെന്നു ഞാൻ സ്നേഹപൂർവം അഭ്യർഥിക്കുന്നു.

നമ്മുടെ കുട്ടികളുടെയും യുവജനങ്ങളുടെയും വിശ്വാസ പരിശീലനത്തെക്കുറിച്ചു നാം ബദ്ധശ്രദ്ധരായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ആധുനികലോകസാഹചര്യങ്ങളോടു ശരിയായി പ്രതികരിക്കുന്നതിനുപകരിക്കുന്ന ധാർമികവീക്ഷണം നാം അവരിൽ ഉളവാക്കണം. സത്യനിഷ്ഠ, നീതിബോധം, ശരിയായ ലൈംഗിക ജീവിതവീക്ഷണം, രാജ്യസ്നേഹം, കാരുണ്യം എന്നീ സദ്ഗുണങ്ങളിൽ അവരുടെ ജീവിതത്തെ പടുത്തുയർത്തുവാൻ വേണ്ട സാഹചര്യങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ടായിരിക്കണം. മടിച്ചു മാറിനില്ക്കാതെ ഉത്സാഹത്തോടെ കർമനിരതരാകാൻ യുവജനങ്ങൾക്കു കഴിയണം. സഭയിലും സമൂഹത്തിലും ഉത്തരവാദിത്വമുള്ള ശുശ്രൂഷകളും ഉദ്യോഗങ്ങളും ഏറ്റെടുക്കുവാനുള്ള യോഗ്യതയും ധൈര്യവും വിവേകവും അവർക്കുണ്ടാകണം. ഇപ്പോൾ പ്രവർത്തനനിരതരായിരിക്കുന്ന സഭാശുശ്രൂഷകർ തങ്ങൾക്കു പിന്നാലെ സഭയുടെയും സമൂഹത്തിന്റെയും എല്ലാ രംഗങ്ങളിലും പ്രവർത്തനനിരതരാകാൻ യോഗ്യരായവരെ പരിശീലിപ്പിക്കുവാൻ തയ്യാറാകണം.

വി. തോമാശ്ലീഹാ നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തെക്കുറിച്ചു സംശയിച്ചുവെന്ന് വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ നാം വായിക്കുന്നു. ആ സംശയം നമുക്കു രക്ഷാകരമായി തീർന്നു എന്നതാണ് വാസ്തവം. ആദത്തിന്റെ പാപത്തെ ഭാഗ്യപ്പെട്ട പാപം എന്നു വി. ആഗസ്തീനോസ് വിശേഷിപ്പിച്ചുവല്ലോ. ആ പാപം രക്ഷകനെ നമുക്കു നേടിത്തരുവാൻ കാരണമായി എന്നതിനാലാണ് അപ്രകാരം വിശേഷിപ്പിക്കുവാൻ ആഗസ്തീനോസ് പ്രേരിതനാകുന്നത്. അതുപോലെ തോമാശ്ലീഹായുടെ സംശയത്തെ ഭാഗ്യപ്പെട്ട സംശയമേ എന്നു വിളിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഉത്ഥിതനായ മിശിഹായെ നേരിൽ കാണാൻ, അവിടുന്നിലുള്ള വിശ്വാസം "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന ഉദീരണത്തോടെ ഉറപ്പായി പ്രഖ്യാപിക്കാൻ ആ സംശയം തോമാശ്ലീഹായ്ക്കു നിമിത്തമായി. മാർത്തോമ്മാ ശ്ലീഹായേ, നന്ദി! ഇന്നിതാ അങ്ങയുടെ ഉദീരണം ഞങ്ങളുടേതായിരിക്കുന്നു. "ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ" എന്ന് പ്രാർത്ഥനകളിൽ ഇന്നു ഞങ്ങൾ മിശിഹായെ വിളിക്കുന്നു. വി.പത്രോസിന്റെ വിശ്വാസം സാർവത്രികസഭയുടെ അടിത്തറയായെങ്കിൽ വി.തോമാശ്ലീഹായുടെ വിശ്വാസം മാർത്തോമ്മാമക്കളുടെ സഭയ്ക്കു സാർവത്രിക സഭ

യുടെ കൂട്ടായ്മയിൽ സവിശേഷമായ അടിസ്ഥാനം നല്കിയിരിക്കുന്നു. ഈ സവിശേഷദാനത്തിന് ദൈവമേ, നന്ദി!

കാരുണ്യവാനായ കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ! പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

**കർദിനാൾ ജോർജ് ആലഞ്ചേരി**
**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2016-ാം ആണ്ട് മെയ് മാസം 30-ാം തീയതി നല്കപ്പെട്ടത്.

Ref: 2957/K-5/KCBC/OL/DS 10.06.2016

## യുവജനദിനം 2016

### ജൂലൈ 10, ഞായർ

### കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

### "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്തായി 5:7)

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങൾക്കായി പോളണ്ടിലെ ക്രാക്കോവ് നഗരം ഒരുങ്ങുകയാണ്. ലോകത്താകമാനമുള്ള യുവജനങ്ങൾ തങ്ങളുടെ വിശ്വാസം പ്രഖ്യാപിക്കുന്നതിനും സഭയോടുള്ള സഹവർത്തിത്വം ഊട്ടിഉറപ്പിക്കുന്നതിനും സമൂഹത്തോടുള്ള തങ്ങളുടെ ക്രൈസ്തവമായ പ്രതിജ്ഞാബദ്ധത നവീകരിക്കുന്നതിനുമായി ആഘോഷപൂർവം ഒന്നുചേരുന്ന ദിനങ്ങളാണ് ജൂലൈ മാസം 25 മുതൽ 31 വരെയുള്ള യുവജനദിനാഘോഷവേള. കരുണയുടെ മഹാജൂബിലി പ്രഖ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവജനങ്ങളുടെ കൂടിവരവുകളെല്ലാം ഈ കാലഘട്ടത്തിൽ കരുണയുടെ യുവജനസാക്ഷികളാകാനുള്ള ഓർമ്മപ്പെടുത്തലാണ്.

**പിതാവിനെപ്പോലെ കരുണാപൂർണർ *(Merciful like the father)***

കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആപ്തവാക്യം വിശുദ്ധ ലൂക്കായുടെ സുവിശേഷം ആറാം അധ്യായം മുപ്പത്തിയൊന്നാം തിരുവചനത്തെ കേന്ദ്രീകരിച്ചുള്ളതാണ്. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ". വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം അറിയപ്പെടുന്നത്, 'കരുണയുടെ സുവിശേഷം' എന്നാണ്. മാപ്പു നല്കലിന്റെ സുവിശേഷം, ദരിദ്രരുടെ സുവിശേഷം, സ്ത്രീകളുടെ സുവിശേഷം, വിജാതീയരുടെ സുവിശേഷം എന്നിങ്ങനെ വിവിധ വിശേഷണങ്ങൾ കരുണയുടെ സുവിശേഷം എന്നറിയപ്പെടുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിനുണ്ട്.



കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിൽ യുവജനങ്ങൾ സവിശേഷശ്രദ്ധയോടെ വായിക്കുകയും പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യേണ്ട ഒന്നാണ് കരുണയുടെ സുവിശേഷം. സമൂഹത്തിന്റെ സമഗ്രവിമോചനത്തിനായി എന്നും മുന്നിട്ടിറങ്ങി ശബ്ദമില്ലാത്തവരുടെ ശബ്ദമായി സമൂഹത്തിലെ വേറിട്ട ശബ്ദമായി നിലനില്ക്കേണ്ട യുവജനങ്ങളുടെ മാതൃകയും പ്രതീക്ഷയുമായ യുവാവായ യേശുനാഥന്റെ നയപ്രഖ്യാപനം വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ മാത്രം കാണുന്ന പ്രത്യേകതയാണ്. "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു".

**കരുണയുടെ യുവജനസാക്ഷികൾ**

ബേത്ലേഹമിൽ നിന്നും കാൽവരിയോളം സഞ്ചരിച്ച മനുഷ്യനായി പിറന്ന യേശുനാഥൻ തന്റെ മുഖം കരുണയുടേതാണെന്ന് തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും ലോകത്തോട് വിളിച്ചു പറഞ്ഞു. വിശക്കുന്നവന് അപ്പമായും രോഗിക്ക് സൗഖ്യമായും തളർന്നവന് ആശ്വാസമായും മനമിടിഞ്ഞവർക്ക് പ്രതീക്ഷയായും മരിച്ചവന് ഉത്ഥാനമായും ലോകം അവനെ പ്രതീക്ഷയോടെ തിരിച്ചറിഞ്ഞു.

തന്റെ വാക്കിലും പ്രവൃത്തിയിലും കാരുണ്യം കവിഞ്ഞൊഴുക്കി, ആശ്വാസദായകനായി കടന്നുവന്ന യേശുനാഥൻ എക്കാലത്തും യുവജനങ്ങളുടെ മാതൃകയാണ്. നൂറ്റാണ്ടുകൾക്കിപ്പുറം വിവിധ സേവനമേഖലകളിൽ തങ്ങളുടെ ജീവിതം യേശുവിനുവേണ്ടി പൂർണമായും സമർപ്പിച്ച് മനുഷ്യർക്കായി പൂർണമായി പങ്കുവയ്ക്കുന്ന കരുണയുടെ മാലാഖമാരിലൂടെ ഇന്നും പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനെ ലോകം തിരിച്ചറിയുന്നു. ലോകത്തിന്റെ വിവിധ മിഷൻ മേഖലകളിൽ വേല ചെയ്യുന്ന സന്ന്യസ്തരിലും പുരോഹിതരിലും അല്മായ സഹോദരങ്ങളിലും ഭൂരിഭാഗവും യുവനജങ്ങളാണ്. യുദ്ധഭൂമിയിലും സദാ ജാഗരൂകരായി തങ്ങളുടെ മാതൃരാജ്യത്തിനു കാവൽനില്ക്കുന്ന അതിർത്തി മേഖലകളിലും കരുണയുടെയും നീതി

യുടെയും കാവൽ ഭടന്മാരാകുന്നത് സ്വജീവിതം അനേകർക്കായി ത്യാഗമായി നല്കുന്ന യുവജനങ്ങളാണ്.

**കരുണയുള്ളവർ ഭാഗ്യവാന്മാർ**

മുപ്പത്തിയൊന്നാം ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യം വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അധ്യായത്തിലെ സുവിശേഷഭാഗ്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന തിരുവചനഭാഗങ്ങളിലെ ഏഴാം വാക്യമാണ്. "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്തായി 5:7). കരുണയുടെ മഹാജൂബിലി വർഷത്തിന്റെ ആപ്തവാക്യവും ലോകയുവജനദിനാഘോഷങ്ങളുടെ ആപ്തവാക്യവും ഏറെ സമാനതകളുള്ളതാണ്. പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥന്റെ കരുണയുടെ യുവജനസാക്ഷികളാകാനുള്ള വിളി ഈ കാലഘട്ടത്തിന്റെ പ്രത്യേക നിയോഗമായി ഏറ്റെടുത്തുകൊണ്ട് ഭീകരതയും പട്ടിണിയും അക്രമവും അസമത്വവും അഴിമതിയും മനുഷ്യനിർമ്മിതമായ പ്രകൃതി ദുരന്തങ്ങളും കൊടികുത്തി വാഴുന്ന ആധുനികലോകത്തിൽ കരുണയുടെ കാവൽക്കാരായി യേശുവിന് സാക്ഷ്യം വഹിക്കണമെന്ന് ഈ തിരുവചനങ്ങൾ ഓർമ്മിപ്പിക്കുന്നു.

**കാരുണ്യവർഷവും കേരളത്തിലെ യുവജനങ്ങളും**

കേരളത്തിലെ മുപ്പത്തിയൊന്ന് രൂപതകളിലെയും യുവജനങ്ങളുടെ പഠനത്തിനും വിചിന്തനത്തിനും കർമ്മപദ്ധതികൾക്കുമായി കെസിബിസി യുവജനകമ്മീഷൻ ഈ വർഷം മുമ്പോട്ടുവയ്ക്കുന്ന പഠനവിഷയം, ആഗോള കത്തോലിക്കാസഭയുടെ കാരുണ്യവർഷചിന്തകളോടും ഫ്രാൻസിസ് മാർപാപ്പായുടെ ലോകയുവജനദിനസന്ദേശത്തോടും താദാത്മ്യം പ്രാപിച്ചുകൊണ്ടുള്ളതാണ്. കേരളത്തിലെ എല്ലാ യുവജനസംഘടനകളും കെസിബിസി യുവജനകമ്മീഷൻ മുമ്പോട്ടുവയ്ക്കുന്ന പഠനവിഷയമായ **'കരുണയുടെ യുവജനസാക്ഷികൾ: പരിസ്ഥിതി സൗഹൃദം-ലഹരി വിരുദ്ധസമൂഹം-ജീവന്റെ സംരക്ഷണം'** എന്ന പഠനവിഷയം അത് അർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ടതാണ്.

ഈ വർഷത്തെ പ്രധാന പഠനവിഷയമായ 'കരുണയുടെ യുവജനസാക്ഷികൾ' എന്ന പ്രധാന തലവാചകത്തിന്റെ ഉപവിഭാഗങ്ങളാണ് 'പരിസ്ഥിതി സൗഹൃദം', 'ലഹരിരഹിതസമൂഹം', 'ജീവന്റെ സംരക്ഷണം' എന്നിവ. മനുഷ്യനും പരിസ്ഥിതിയും നേരിടുന്ന ആധുനിക വെല്ലുവിളികൾ ഏറെ കരുണയോടും ശ്രദ്ധയോടും സമീപിക്കേണ്ട വിഷയങ്ങളാണെന്നും അവയെ പരിചരിക്കുന്നതിൽ കരുണയുടെ യുവജനസാക്ഷികളാകുവാനുള്ള പ്രത്യേക വിളിയാണ് ഓരോ യുവാവിനും



യുവതിക്കും ഉള്ളതെന്നും ഈ പഠനവിഷയം നമ്മെ അനുസ്മരിപ്പിക്കുന്നു.

തീരദേശ മക്കളുടെ നിലയ്ക്കാത്ത കണ്ണീരും നാളയെക്കുറിച്ചുള്ള ആകുലതയും മലനാടിന്റെ പച്ചയായ മനുഷ്യരുടെ നിസ്സഹായ അവസ്ഥകളും ദളിത് വിഭാഗങ്ങളുടെ സമത്വത്തിനുവേണ്ടിയുള്ള സമരങ്ങളും ഹരിതാഭ നഷ്ടപ്പെടുന്ന ഭൂമിയുടെ ഉൾക്കിടിലങ്ങളും അന്യം നിന്നുപോകുന്ന ജീവജാലങ്ങളുടെ ജീവൻ മരണപോരാട്ടവും ഓരോ യുവാവിന്റെയും യുവതിയുടെയും ഉറക്കം നഷ്ടപ്പെടുത്തുന്ന പ്രതിധ്വനികളാവണം. കരുണയുടെ ഈ വർഷത്തിൽ ആഘോഷിക്കപ്പെടുന്ന യുവജനദിന കർമ്മപരിപാടികളും ഈ വർഷത്തെ എല്ലാ യുവജനശുശ്രൂഷാമേഖലകളും മനുഷ്യനെയും പ്രകൃതിയെയും എല്ലാ ജീവജാലങ്ങളെയും നൊമ്പരപ്പെടുത്തുന്ന വിഷയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നവയാവണം.

കേരള കത്തോലിക്കാ യുവജനപ്രസ്ഥാനമായ കെസിവൈഎം മുപ്പത്തിയൊന്നു രൂപതകളിലെയും യുവജനങ്ങളിലേക്കും സഭാസമൂഹങ്ങളിലേക്കും കെസിബിസി യുവജനകമ്മീഷൻ ആവശ്യപ്പെട്ട ഈ പഠനവിഷയം എത്തിക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിൽ ഏറെ സന്തോഷമുണ്ട്. കേരളത്തിലെ യുവജനശുശ്രൂഷയ്ക്ക് സംസ്ഥാനതലത്തിലും വ്യക്തിഗതസഭാതലത്തിലും എല്ലാ രൂപതകളിലും യുവജനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സായി സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട സന്ന്യാസിനികളെയും അല്മായ സഹോദരങ്ങളെയും എല്ലാ യുവജനങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. തിരുസഭയുടെ നന്മകളും വിശ്വാസവും സഭയിലും സമൂഹത്തിലും പകർന്നു നല്കുന്നതിന് അവർ നല്കുന്ന സേവനങ്ങൾക്ക് ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഉപസംഹാരം**

കരുണയുള്ള ഭാഗ്യവാന്മാരായി പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായ യേശുനാഥനു സാക്ഷ്യംനല്കുവാൻ സഭയുടെയും സമൂഹത്തിന്റെയും പ്രതീക്ഷയായ യുവജനങ്ങൾക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ലോകയുവജനദിനത്തിന്റെ അനുഗ്രഹങ്ങളും മംഗളങ്ങളും നേർന്നുകൊണ്ട്,

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ
**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്തേഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

**NB:** 2016 ജൂലൈ 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## രൂപതക്കച്ചേരി

### *C. 61 /2016* സഭാദിന പിരിവ്

സീറോ മലബാർ സഭയുടെ കേന്ദ്രകാര്യാലയത്തിന്റെ ആവശ്യങ്ങൾക്കായി സഭാംഗങ്ങൾ വർഷംതോറും നൽകിവരുന്ന സഭാദിനപിരിവ് ആളോഹരി 2 രൂപ പ്രകാരം രൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

Bishop

### *C. 62/2016* അജപാലന സന്ദർശനം

| | | |
|---|---|---|
| പുറപ്പുഴ | - | ജൂലൈ 10 |
| ഉരുളൻതണ്ണി | - | ജൂലൈ 17 |
| പോത്താനിക്കാട് | - | ജൂലൈ 24 |
| കൊടുവേലി | - | ജൂലൈ 31 |

Bishop

### *C. 63 /2016* ദൈവവിളി പ്രോത്സാഹന സെമിനാർ

9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്നവരും പൗരോഹിത്യ ദൈവവിളിയോട് അഭിരുചിയുള്ളവരുമായ വിദ്യാർത്ഥികൾക്കായി ഒരു ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തുവാൻ ദൈവവിളി പ്രോത്സാഹനാർത്ഥം മൈനർ സെമിനാരിയിൽ ജൂൺ രണ്ടാം തീയതി ചേർന്ന സമ്മേളനത്തിൽ തീരുമാനിച്ചു. സെമിനാർ ഞായറാഴ്ച രാവിലെ 10 മണിക്കുള്ള കുർബാനയോടുകൂടി ആരംഭിക്കും. കുർബാനയെത്തുടർന്ന് പൗരോഹിത്യദൈവവിളിയെ അറിയുവാനും വളർത്തു വാനും സഹായകമായ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ബഹു. വികാരിയച്ചൻമാർ പ്രസ്തുത സെമിനാറിലേയ്ക്ക് കുട്ടികളെ പറഞ്ഞയയ്ക്കുമല്ലോ.

ഈ ഏകദിനസെമിനാർ സംഘടിപ്പിക്കാനും ഫൊറോനതലത്തിലെ ദൈവവിളിപ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുമായി താഴെ പറയുന്ന അച്ചന്മാരെ ഫൊറോന ദൈവവിളി പ്രമോട്ടർമാരായി നിശ്ചയിച്ചിരിക്കുന്നു.



| | | |
|---|---|---|
| ആരക്കുഴ | - | ഫാ. ജെയിംസ് ചൂരത്തൊട്ടി |
| കാളിയാർ | - | ഫാ. മാത്യു കൊച്ചുപുരയ്ക്കൽ (Jr.) |
| കരിമണ്ണൂർ | - | ഫാ. സെബാസ്റ്റ്യൻ പോത്തനാമൂഴി |
| കോതമംഗലം | - | ഫാ. ജെയിംസ് മുണ്ടോളിക്കൽ |
| മൈലക്കൊമ്പ് | - | ഫാ. ജോൺ വടക്കൻ |
| മാറിക | - | ഫാ. ജോർജ് മലേപ്പറമ്പിൽ |
| മുതലക്കോടം | - | ഫാ. ജോസഫ് കൂനാനിക്കൽ |
| മൂവാറ്റുപുഴ | - | ഫാ. ആന്റണി മാളിയേക്കൽ |
| ഊന്നുകൽ | - | ഫാ. ജോസ് ചിരപ്പറമ്പിൽ |
| പൈങ്ങോട്ടൂർ | - | ഫാ. പോൾ കളത്തൂർ |
| തൊടുപുഴ | - | ഫാ. തോമസ് വിലങ്ങുപാറയിൽ |
| വാഴക്കുളം | - | ഫാ. തോമസ് കണ്ണംകുളം |

Bishop

### *C. 64 /2016* പ്രാർത്ഥനാഗ്രൂപ്പ്

കാരുണ്യവർഷത്തോടനുബന്ധിച്ച് നമ്മുടെ രൂപതയിലെ എല്ലാ ദൈവലായങ്ങളിലും ഒരു പ്രാർത്ഥനാഗ്രൂപ്പ് ഉള്ളത് നല്ലതാണ്. പ്രാർത്ഥനാഗ്രൂപ്പ് ഇല്ലാത്ത ഇടവകകളിൽ പ്രാർത്ഥനാഗ്രൂപ്പ് ആരംഭിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ബ. വികാരിയച്ചന്മാർ ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

Bishop

### *C. 65 /2016* ദൈവശാസ്ത്ര-ദാർശനിക-കാനൻനിയമ വിദഗ്ദ്ധരുടെ സമ്മേളനം

സീറോമലബാർ സഭയുടെ ദൈവശാസ്ത്രകമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവശാസ്ത്രത്തിലോ തത്വശാസ്ത്രത്തിലോ കാനൻ നിയമത്തിലോ ഉപരിപഠനം നടത്തിയിട്ടുള്ള (MTh, MPh, Licentiate, Doctorate എന്നിവ കരസ്ഥമാക്കിയവർ) എല്ലാ സീറോ മലബാർ അംഗങ്ങളുടെയും ഒരു സമ്മേളനം 2016 ജൂലൈ 21-ന് രാവിലെ 9.30 മുതൽ വൈകിട്ട് 4.00 മണി വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തുന്നു. സഭയുടെ ചരിത്രത്തിൽ ഇദംപ്രഥമമായ സംരംഭമാണിത്. അഭിവന്ദ്യ പിതാക്കന്മാരും ദൈവശാസ്ത്രജ്ഞന്മാരും കൂട്ടായി സംവദിക്കുന്ന ഈ സമ്മേളനം സഭയുടെ സിനഡിലെ ചർച്ചകൾക്ക് പിൻബലം നല്കാൻ സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

Bishop

### *C. 66/2016* Priests' Study Forum

A study forum for the priests of the Diocese of Kothamangalam will be conducted on Tuesday July 12, 2016 from 9.30 am to 1.00 pm at

NESTT, Muvattupuzha. A lecture will be given by Rev. Fr. Paul Madassery on '*Amoris Laetitia*', the post Synodal Apostolic Exhortation by Pope Francis. All are expected to participate without fail.

*Bishop*

## *C. 67 /2016* Monthly Recollection for Priests

### *Topic for discussion in August*

Read in common Nos. 571-582 of the Catechism of the Catholic Church.

*Syncellus*

## *C. 68/2016* Young Priests' Seminar

Annual seminar for the young priests of the Eparchy ordained after 31-01-2010 will be conducted on August 17,18 2016 at NESTT Muvattupuzha. The seminar begins on Wednesday at 9.30 am and comes to an end on Thursday by 4.30 pm. All are expected to participate without fail.

*Syncellus*

## *C. 69/2016* Annual Retreat for Priests

The list of the participants in each batch is given below. Please do not make changes from one batch to the other unless for some serious reasons. In case of change, please do it with mutual arrangement with one in the other batch and inform the Eparchial Curia in due time. Those who seek exemption from the common retreat owing to some grave reason are to get it in writing from the Curia.

The Rev. Fathers are to fulfil the following Mass intentions and report to the Curia before the 31st of December 2016.

1 For the Priests of the Eparchy-1

2 *Ad intentionem episcopi* (stipend to be used for charitable purposes) -4

3 *Ad intentionem episcopi* (stipend to be used to meet the expenses of the retreat)-5

N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 only by those who take part in the common retreat.

The presbyters who participate in the retreat are to bring with them their Mass Account, and Confession Patent.



All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 18 September to Friday, 23 September**

Retreat Preacher : Rev. Fr. Jimmy Poochakkatt

1. Alappatt Mgr. Francis
2. Areekatt Mathew
3. Ariappillil Emmanuel
4. Athickal Joseph
5. Athickal Mathew
6. Chamakalayil Mathew
7. Chandrankunnel Mathew
8. Cheripuram Abraham
9. Cherkott Thomas
10. Cheruparambil Thomas
11. Chettoor George
12. Choorathotty Paul
13. Edathotty Paul
14. Ezhanikatt Mathew
15. Ezhumayil Joseph
16. Kadukamackal Joseph
17. Kadukummackal George
18. Kalapurackal Jacob
19. Kalapurackal Jose
20. Kallarackal John
21. Kallarackal Joseph
22. Kandathinkara Joseph
23. Kannathukuzhy Joseph
24. Kannampalliyil Kuriakose
25. Kapiarumala George
26. Karakombil Paul
27. Karakunnel George
28. Keerampara Francis
29. Keethappilly Joseph
30. Kizhakedath Mathew
31. Kizhakedath Peter
32. Kochuparambil George
33. Kochupurackal Mathew (Sr.)
34. Kodakallil Kuriakose
35. Kodiammnal John
36. Koickakudy Joseph
37. Konickal Mathew
38. Koonanickal Jose (Sr)
39. Koonanickal Joseph
40. Koottumkal Joseph
41. Kottarathil Thomas
42. Kulathoor Jose
43. Kunnamkott George
44. Kunnappillil Mathew
45. Kunnappilly Augustine
46. Kunnath Mathew
47. Kurianal Emmanuel
48. Kurukoor George
49. Kuttiyara John
50. Kuzhinjalil Thomas
51. Madathiparambil Francis
52. Mailadiath Jose
53. Malekudy Thomas
54. Malieckal Mathews
55. Mannathukkaran Jacob
56. Monippilly Jose
57. Moolasseril Nicholas
58. Mulanjanany Joseph
59. Mundackal Emmanuel
60. Mundackal Joseph (Sr)
61. Mundackal Mathew
62. Mundunadayil Joseph
63. Muringamattam John
64. Muttathuvalayil Joseph
65. Namattathil Sebastian
66. Nandalath Mathews
67. Nedumpurath Paul
68. Nedumthadathil Paulose

69. Nedungatt Vincent
70. Nirappath George
71. Niravath Joseph
72. Niravathinal Abraham
73. Njaralakatt Luke
74. Oliapuram Mgr.George
75. Onelil John
76. Padinjarekutt Augustine
77. Panachickal James
78. Panackal Thomas
79. Parathazham Paul
80. Parayannilam Joseph
81. Peechatt Emmanuel
82. Perumpananickal Abraham
83. Pichappillil John
84. Pinakatt Joseph
85. Pittappillil Francis
86. Poonat Manuel
87. Pothanamuzhi Mathew
88. Pothanamuzhi Thomas
89. Pothoor Jose
90. Pottackal George
91. Pulickal Joseph (Jr.)
92. Pulimalayil Antony
93. Pulparambil Jose
94. Pulpra George
95. Puthenkulam Antony
96. Puthiyedath Jacob
97. Thachil George
98. Thayyil James
99. Thanickal Joseph
100. Thekkeattath George
101. Thekkekara George
102. Thekkekara Mathew (Jr.)
103. Thevarpadam Mathews
104. Thottathimyalil John
105. Thuruthippillil Sebastian
106. Vadakekudy James
107. Vadakel George
108. Vadakumparampil Jacob
109. Valloppillil Sebastian
110. Vandanakara George
111. Vararappilly James
112. Vattakatt Augustine
113. Vattakuzhy Emmanuel
114. Vellankal Mgr. Mathew
115. Vellaramkattil Xavier
116. Velliamthadam Joseph
117. Vembilly James
118. Vengooran Jose
119. Vettikuzha Thomas
120. Vilanguparayil Thomas

**SECOND BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 25 Sept. to Friday, 30 Sept.**

Retreat Preacher : Rev. Fr. Job Koottumgal

1. Adapoor Joseph
2. Aikaramattam James
3. Anikottil John
4. Arackal James
5. Arackal Jose
6. Arackal Joseph
7. Arolichalil Sebastian
8. Athickal Francis
9. Athickal Pius
10. Avarapattu paul
11. Chatholil John
12. Chemparathy George
13. Chirapparambil Jose
14. Choorathotty James
15. Edattu Mathews
16. Elanjedath John
17. Ezhanikatt James
18. Inchaplackal Paul
19. Kachiramattam Kuriakose
20. Kadambanatt Sebastian
21. Kadavan John
22. Kakanatt Mathew
23. Kakkuzhy James
24. Kalapurayil James
25. Kalariparambil Thomas
26. Kalathoor Paul



27. Kallarackal Thomas
28. Kandathil Joseph
29. Kanimattathil Sebastian
30. Kanjirakombil Mgr. Cherian
31. Kannadan Francis
32. Kannamkulam Thomas
33. Kapiarumala Thomas
34. Kapiyarumalayil Joseph
35. Karakombil James
36. Kariamadam Mgr. George
37. Karikunnel Francis
38. Kizhakel Jose
39. Kochumundanmalayil Mathew
40. Kochumuttam John
41. Kochuparambil Joseph (Sr.)
42. Kochuparambil Joseph (Jr.)
43. Kodamullil Paul
44. Kodamullil Cyriac
45. Koickakudy Joseph Cherian
46. Koithanath Joseph
47. Kochupurackal Mathew (Jr.)
48. Kottackal Antony
49. Kottoor Jose
50. Kunnamkulathil Emmanuel
51. Kunnel Stanislaus
52. Kurianal James
53. Kurisummoottil George
54. Kuzhikanniyil Joseph
55. Mailackachalil Paul
56. Makolil Joseph
57. Malekandathil Pius
58. Maleparambil George
59. Maliyeckal Antony
60. Mandapathil Varkey
61. Marappillil George
62. Mattappillil John
63. Moorkattil Jose
64. Mulanjanany George
65. Mundackal George
66. Mundackal John
67. Mundackal Joseph (Jr.)
68. Mundackal Mathew M.
69. Mundackal Thomas
70. Mundolickal James
71. Nampiaparambil Francis
72. Nandalath Francis
73. Nedumkallel George
74. Nedumpuram Joseph
75. Neerampuzha Jose
76. Nellikunnel Joseph
77. Njaloor Cyriac
78. Njaloor Joseph
79. Oliapuram George (Sr.)
80. Oroplackal Johnson
81. Ovelil Antony
82. Padinjattuvayalil John
83. Pallikunnel Georgy
84. Pannarakunnel Sebastian
85. Parankimyalil George
86. Parayidom Thomas
87. Parayil Joseph
88. Pazhayapeedikayil Johnson
89. Periapuram Thomas
90. Peringarappillil Sotter
91. Pichalakatt Manuel
92. Pittappillil Mathew
93. Pittappilly Thomas
94. Ponneth Joseph
95. Poonat Mathew
96. Poovathumkal Thomas
97. Pothanamuzhy Sebastian
98. Pulickal Joseph (Sr.)
99. Pullan George
100. Pulloppillil Jose
101. Pulprayil Stanley
102. Punnamattathil Scaria
103. Rathappillil Jacob
104. Thadikkatt George
105. Thalappillil Jacob
106. Thanathuparambil George
107. Thekkekara Mathew (Sr.)
108. Thekkumkattil Mathew
109. Thottathimyalil Mathew
110. Thozhalay Mathew
111. Thudianplackal Zacharias
112. Vadakel James
113. Vadakken John
114. Vadakkumpadam Mathew
115. Valiathazhath Sebastian
116. Vallomkunnel George

117. Varicatt Cherian
118. Vattakuzhy Jose
119. Vattappallil Jacob
120. Vattathottathil Thomas
121. Vilangupara Paul

*Syncellus*

## മൈനർ സെമിനാരി

*MS 29 /2016* **അദ്ധ്യയനവർഷാരംഭം**

മൈനർ സെമിനാരിയിലെ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം ജൂൺ 6-ാം തീയതി രൂപതാചാൻസലർ റവ. ഡോ. ജോർജ് തെക്കേക്കര നിർവ്വഹിച്ചു. കോട്ടയം വടവാതൂർ സെമിനാരി പ്രൊഫസർ റവ. ഡോ. മാത്യു പിട്ടാപ്പിള്ളിൽ "വൈദികരൂപീകരണത്തിൽ ബൗദ്ധികപരിശീലനത്തിന്റെ പ്രാധാന്യം" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. തദവസരത്തിൽ റവ. ഡോ. തോമസ് പെരിയപ്പുറം, ബ്ര. തോമസ് വെട്ടുപാറയ്ക്കൽ എന്നിവർ ആശംസകൾ നേർന്നു. വൈസ് റെക്ടർ റവ. ഫാ. ജോസഫ് മുണ്ടയ്ക്കൽ ഏവർക്കും സ്വാഗതം ആശംസിക്കുകയും ബ്ര. ജോൺ മലയിൽതെക്കേടത്ത് കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

*MS 30 /2016* **മൈനർസെമിനാരിയിലെ നവാഗതർ**

1 അയ്മനത്തിൽ ചാക്കോ (കുഞ്ചാക്കോ), പൂയംകുട്ടി
2 ഇടവഴിക്കൽ തോമസ് (നിഫിൻ), കുളപ്പുറം
3 കിഴക്കേക്കര ജോസഫ് (അഖിൽ), പന്നിമറ്റം
4 കൊന്നക്കൽ ജോർജ് (മിലൻ), പെരുമ്പള്ളിച്ചിറ
5 കുന്നത്ത് ജോസഫ് (ബിന്റോ), തൊടുപുഴ
6 കുന്നത്ത് വർഗീസ് (ജെഫിൻ), മുതലക്കോടം
7 കുറുമാംതോട്ടത്തിൽ സെബാസ്റ്റ്യൻ (സെബാസ്റ്റ്യൻ), കോലടി
8 കുഴിക്കാട്ട് ജോൺ (ബെബറ്റോ), കരിമണ്ണൂർ
9 മഠത്തിക്കണ്ടത്തിൽ സെബാസ്റ്റ്യൻ (സെബാസ്റ്റ്യൻ), ചാലാശ്ശേരി
10 മൂലയിൽ ജോൺ (സെബിൻ), കലയന്താനി
11 നെടുംപുറത്ത് സെബാസ്റ്റ്യൻ (ജിതിൻ), നാകപ്പുഴ
12 ഓലിയപ്പുറം മാത്യു (എബിൻ), കോതമംഗലം
13 പാലക്കുഴിയിൽ ജോസഫ് (ഡെനിൽ), രണ്ടാർ
14 പരുന്തുംപ്ലാക്കൽ ആന്റണി (ആന്റോ), കാളിയാർ
15 പൂവത്തിങ്കൽ ജോസഫ് (അലക്സ്), ആലക്കോട്
16 പുതുക്കുളങ്ങര ജോർജ് (അലൻ), തൊടുപുഴ
17 തയ്യിൽ ജോസഫ് (എഡ്വിൻ), വണ്ണപ്പുറം
18 തൃക്കണശ്ശേരിൽ ജോസഫ് (ജിൻസ്), രണ്ടാർ



*MS 31 /2016* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | Sunny Thayyil, Anchri | 12,000 |
| 2 | CML, Kothamangalam | 5000 |
| 3 | George Nellore, Anicadu | 10,000 |
| 6 | George Pothor, Kallanickal | 50,000 |
| 7 | Antony George Oliapuram, Kothamangalam | 15,000 |
| 8 | Francis Mathew Mundackal, Muthalakodam | 50,000 |
| 9 | George Peter Parankimyalil, Nellimattam | 5000 |
| 10 | Joseph Thomas Avirapattu, Velielchal | 5000 |

*Rector*

## വിജ്ഞാനഭവൻ

*V. 73 /2016* **നവാഗതരായ അദ്ധ്യാപകർക്ക് ട്രെയിനിംഗ് – ജൂലൈ 9, 10**

നവാഗതരായ അദ്ധ്യാപകർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ 9, 10 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ നടത്തും. എല്ലാ നവാഗതരായ അദ്ധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്. 9-ാം തീയതി രാവിലെ 9.30-ന് ആരംഭിച്ച് 10-ാം തീയതി വൈകിട്ട് 3.30 -ന് അവസാനിക്കും. വരുന്നവരുടെ എണ്ണം അറിയിക്കാത്തവർ ജൂലൈ 5-ാം തീയതിക്ക് മുമ്പ് അറിയിക്കേണ്ടതാണ്.

*V. 74/2016* **വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ**

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ ജൂൺ മാസം 11-ാം തീയതി ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. 1350-ഓളം വിശ്വാസപരിശീലകർ പങ്കെടുത്തു. രാവിലെ നടന്ന സെമിനാറിന്റെ ഉദ്ഘാടനം റവ. മോൺ. ജോർജ് ഓലിയപ്പുറം നിർവഹിച്ചു. ഫാ. ജിമ്മി പൂച്ചക്കാട്ട് ക്ലാസ്സ് നയിച്ചു. ഉച്ചകഴിഞ്ഞുള്ള സമ്മേളനം അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് കഴിഞ്ഞവർഷത്തെ മികച്ച സൺഡേ സ്കൂളുകൾക്കുള്ള ട്രോഫികളും സമ്മാനവും അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. രൂപതാ കൺവെൻഷനിൽ വന്നു പങ്കെടുത്ത എല്ലാ ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും വിശ്വാസപരിശീലകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

എല്ലാ വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും രൂപതയിലെ വിശ്വാസ പരിശീലകർക്കും ഡയറിയോടുകൂടിയ പാഠ്യപദ്ധതി വിതരണം ചെയ്തു.

*V. 75/2016* **രൂപതയിലെ മികച്ച സൺഡേ സ്കൂളുകൾ**

2015-2016 പ്രവർത്തന വർഷത്തിൽ രൂപതയിലെ ഏറ്റവും മികച്ചതായി തിരഞ്ഞെടുക്കപ്പെട്ട സൺഡേസ്കൂളുകളുടെ (A, B, C വിഭാഗം) പേരുകൾ ചുവടെ ചേർക്കുന്നു.

**Group A**

**I സെന്റ് ജോർജ്ജ്സ്, കല്ലാനിക്കൽ**
**സെന്റ് ആന്റണീസ്, പൈങ്ങോട്ടൂർ**
**II സെന്റ് ജോർജ്ജ്സ്, വാഴക്കുളം**
**വിമലമാതാ, കദളിക്കാട്**
**III സെന്റ് ജോർജ്ജ്സ് കത്തീഡ്രൽ, കോതമംഗലം**

**Group B**

**I സെന്റ് ജോസഫ്സ്, നെല്ലിക്കുഴി**
**വിജ്ഞാനമാത, തൊടുപുഴ ഈസ്റ്റ്**
**II സെന്റ് തോമസ് മൂർ, ആലക്കോട്**
**സെന്റ് മാർട്ടിൻ ഡി പോറസ്, അഞ്ചിരി**
**III മാർ സ്ലീവാ, വണ്ണപ്പുറം**

**Group C**

**I സെന്റ് തോമസ്, മലയിഞ്ചി**
**II സെന്റ് മേരീസ്, മാലിപ്പാറ**
**III ക്രിസ്തുരാജ്, രാജഗിരി**

*V. 76/2016* **ലോഗോസ് ക്വിസ് രജിസ്ട്രേഷൻ**

ലോഗോസ് ക്വിസ് പരീക്ഷ എഴുതുവാൻ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തവരുടെ പേരുകളുടെ ലിസ്റ്റും രജിസ്ട്രേഷൻ തുകയും വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി ജൂലൈ 31 ആണ്. അതിനുശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.

*V. 77/2016* **SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷൻ**

SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷന്റെ ഫോം എന്നിവ തരുന്നതിനുള്ള അവസാന തീയതി ജൂലൈ 31 ആണ്. പ്രൈവറ്റ് രജിസ്ട്രേഷൻകാരുടെ പേരുകൾ A, B Form -ൽ ചേർക്കേണ്ടതാണ്. റിമാർക്സ് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. **ചോദ്യപേപ്പറിന്റെ എണ്ണത്തിന്റെ കൂടെ ഇവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അക്കാര്യം പ്രത്യേകം അറിയിക്കണം.**



*V. 78/2016* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായി പി.റ്റി.എ. കമ്മിറ്റി രൂപീകരിച്ച് കാണുമല്ലോ. പി.റ്റി.എ. കമ്മിറ്റിയംഗങ്ങളുടെ ലിസ്റ്റ് തന്നിരിക്കുന്ന ഫോമിൽ ജൂലൈ 10-ന് മുമ്പ് തരേണ്ടതാണ്.

*V. 79/2016* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

മുൻവർഷത്തേതുപോലെ ഈ വർഷവും കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 10 രൂപയാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ജൂലൈ 31-ാം തീയതിക്ക് മുമ്പ് ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം അറിയിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 80/2016* **സൺഡേ സ്കൂൾ ബാഗ്**

പുതിയ സൺഡേ സ്കൂൾ ബാഗ് വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽ നിന്ന് ലഭ്യമാണ്. വില 70, 130.

*V. 81/2016* **പാഠ്യപദ്ധതി**

പാഠ്യപദ്ധതിയിൽ VIII-ാം ക്ലാസ്സിലെ വാ. കുഞ്ഞച്ചൻ, ദേവസഹായം പിള്ള, IX-ാം ക്ലാസ്സിലെ വി. ജോൺ പോൾ II എന്നീ വിശുദ്ധരെക്കുറിച്ചുള്ള ഉപപാഠപുസ്തകം പഠിക്കേണ്ടതില്ല.

*V. 82/2016* **സൺഡേ സ്കൂൾ ഡയറി**

മികച്ച സൺഡേ സ്കൂൾ ഡയറിക്ക് സമ്മാനം ഉണ്ടായിരിക്കും. ജൂലൈ 31-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കണം. 60 പേജിൽ കൂടാൻ പാടില്ല.

*V. 83/2016* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സിഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*V. 84/2016* **ഒന്നാം കോറിന്ത്യ ലേഖനം: സമ്പൂർണ്ണ വ്യാഖ്യാനം, വഴിതെറ്റാത്ത വിശ്വാസം**

250 രൂപയുടെ ഒന്നാം കോറിന്ത്യ ലേഖനം: സമ്പൂർണ്ണ വ്യാഖ്യാനം (മാർ ജോർജ് പുന്നക്കോട്ടിൽ) 200 രൂപയ്ക്കും 150 രൂപയുടെ വഴി

തെറ്റാത്ത വിശ്വാസം (എഡിറ്റർ റവ. ഡോ. ജോർജ് കാരക്കുന്നേൽ) 100 രൂപയ്ക്കും എല്ലാ വിശ്വാസപരിശീലകർക്കും വിജ്ഞാനഭവൻ ബുക്ക് സ്റ്റാളിൽനിന്നും ലഭിക്കുന്നതാണ്.

*Director*

# Corporate Educational Agency

*Edn. 27 /2016*

2016-17-ൽ രൂപതാ ഓഫീസിലേക്ക് അയച്ചുതരേണ്ട ഫോറങ്ങൾ യഥാസമയം വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് അയച്ചുതരണമെന്ന് ഓർമ്മിപ്പിക്കുന്നു. Catechism/ Moral Science Order form ഇനിയും അയച്ചു തന്നിട്ടില്ലാത്തവർ എത്രയും വേഗം അയച്ചു തരേണ്ടതാണ്. Corporate-ന്റെ e-mail ID "kothamangalamcorporate@gmail.com", Website: www.kothamangalamcorporate.com എന്നാണ്. ഓരോന്നിന്റെയും സമയപരിധി എല്ലാ പ്രധാന അദ്ധ്യാപകരുടെയും അറിവിലേയ്ക്കായി താഴെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| 1 | Staff Statement 01-06-2016 വച്ച് | 20.06.2016 |
| 2 | Proposal 6th working day strength | 20.06.2016 |
| 3 | Order form - Catechism/Moral Science | 20.06.2016 |
| 4 | M G Applications | 30.08.2016 |
| 5 | Fitness Applications | 15.01.2017 |
| 6 | Annual School Report | 15.01.2017 |
| 7 | Best School Award etc. | 31.01.2017 |

*Edn. 28 /2016* **പ്രൊബേഷൻ**

പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള അദ്ധ്യാപകരും/അനദ്ധ്യാപകരും രൂപതാവിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിക്കുന്ന ഫോറം മേലധികാരിയെക്കൊണ്ട് (മാനേജർ/പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ) പൂരിപ്പിച്ച് യഥാസമയം രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ വരേണ്ടത് മുൻകൂട്ടി അറിയിച്ചിട്ടായിരിക്കണം.

*Edn. 29/2016* **പ്രഥമ അദ്ധ്യാപക സമ്മേളനവും മികച്ച കുട്ടികൾക്ക് പുരസ്കാര വിതരണവും**

HSS, HS, UP, LP വിഭാഗങ്ങളിലെ എല്ലാ പ്രഥമാദ്ധ്യാപകരുടെയും സംഗമം ജൂലൈ 6-ാം തീയതി രാവിലെ 10.30-ന് മൂവാറ്റുപുഴ നിർമ്മല



ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ഒരുക്കുന്നു. പ്രസ്തുത സംഗമത്തിൽ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളിൽ 2015-16 വർഷം SSLC, Plus Two പരീക്ഷകളിൽ Full A+ കരസ്ഥമാക്കിയ എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ നൽകുന്നതാണ്.

അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പുരസ്കാരങ്ങൾ വിതരണം ചെയ്യും. ബന്ധപ്പെട്ട സ്കൂളുകളിലെ സമ്മാനാർഹരായ എല്ലാ കുട്ടികളും, പ്രഥമാദ്ധ്യാപകരും പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

*Edn. 30/2016* **അദ്ധ്യാപക തസ്തികയിൽ ഒഴിവുകൾ**

നമ്മുടെ കോർപ്പറേറ്റിലെ LP സ്കൂളുകളിൽ പഠിപ്പിക്കാൻ യോഗ്യരായവരിൽനിന്ന് (TTC, DEd) അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫാറങ്ങൾ ജൂലൈ 15 മുതൽ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ആഗസ്റ്റ് 15 വരെ മാത്രമേ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ. പരീക്ഷയും ഇന്റർവ്യൂം ഓണാവധിക്കാലത്തായിരിക്കും നടത്തുക. പഴയ റാങ്ക്ലിസ്റ്റിന്റെ കാലാവധി പൂർത്തിയാവുകയാണ്. സ്കൂളുകളിൽ സ്ഥിരനിയമനം ലഭിക്കാത്തവരും അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

*Edn. 31/2016* **Catechism/ Moral Science Year Plan**

**L P Section**

| STD | Catechism | | Moral Science |
|---|---|---|---|
| | | **June - August** | |
| **1** | Lesson 1-5 | | Lesson 1-6 |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 6-10 | | Lesson 7-12 |
| | | **Annual Examination** | |
| | | **June - August** | |
| **II** | Lesson 1-6 | | Lesson 1-6 |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 7-12 | | Lesson 7-12 |
| | | **Annual Examination** | |
| | | **June - August** | |
| **III** | Lesson 1-5 | | Lesson 1-6 |

| | | | |
|---|---|---|---|
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 6-11 | | Lesson 7-12 |
| | | **Annual Examination** | |
| | | **June - August** | |
| **IV** | Lesson 1-6 | | Lesson 1-7 |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 7-12 | | Lesson 8-14 |
| | | **Annual Examination** | |
| **U P Section** | | | |
| **STD** | | | |
| | | **June - August** | |
| **V** | Lesson 1-5 | | Lesson 1-5 |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 6-9 | | Lesson 6-11 |
| | | **Annual Examination** | |
| | | **June - August** | |
| **VI** | Lesson 1-5 | | Lesson 1-6 |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 6-10 | | Lesson 7-12 |
| | | **Annual Examination** | |
| | | **June - August** | |
| **VII** | Lesson 1-5 | | Lesson 1-6 |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 6-10 | | Lesson 7-12 |
| | | **Annual Examination** | |
| **HS Section** | | | |
| **STD** | | | |
| | | **June - August** | |
| **VIII** | Lesson 1-6 | | Lesson 1-5 |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 7-11 | | Lesson 6-10 |
| | | **Annual Examination** | |



| | | | |
|---|---|---|---|
| | | **June - August** | |
| **IX** | Lesson 1-6 | | Lesson 1-5 |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 7-12 | | Lesson 6-10 |
| | | **Annual Examination** | |
| | | **June - August** | |
| **X** | Lesson 1-6 | | Lesson 1-5 |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 7-11 | | Lesson 6-10 |
| | | **Annual Examination** | |
| **HSS Section** | | | |
| **STD** | | | |
| | | **June - August** | |
| **XI** | Lesson 1-7 | | |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 8-13 | | |
| | | **Annual Examination** | |
| | | **June - August** | |
| **XII** | Lesson 1-6 | | |
| | | **First Terminal Examination** | |
| | | **September - December** | |
| | Lesson 7-12 | | |
| | | **Annual Examination** | |

*Secretary*

## തിരുബാലസഖ്യം

*HC 5/2016* **ശാഖാതല പ്രവത്തനങ്ങൾ**

തിരുബാലസഖ്യത്തിന്റെ ഈ വർഷത്തെ ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ബഹു. വികാരിയച്ചന്മാരും അനിമേറ്റേഴ്സും കുട്ടികൾക്ക് വേണ്ട പ്രോത്സാഹനം കൊടുക്കണമെന്നു സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു.

*HC 6/2016* **പ്രാർത്ഥനപ്പുസ്തകം**

തിരുബാലസഖ്യത്തിന്റെ പ്രർത്ഥനപ്പുസ്തകവും അംഗത്വ കാർഡും ബാഡ്ജും 2016-2017 പ്രവർത്തനവർഷ മാർഗ്ഗരേഖയും മൂവാറ്റുപുഴ നെസ്റ്റ് ഓഫീസിൽ ലഭ്യമാണ്.

*HC 7/2016* **ആനിമേറ്റേഴ്സ് മീറ്റിംഗ്**

ജൂലൈ മാസം 9-ാം തിയതി ഉച്ചയ്ക്ക് 1 മണിക്ക് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് തിരുബാലസഖ്യത്തിന്റെ ആനിമേറ്റേഴ്സ് മീറ്റിംഗ് നടത്തുന്നു. കൂടാതെ, ജൂലൈ മാസം 16, 23 തീയതികളിൽ താഴെ ക്രമീകരിച്ചിരിക്കുന്നതുപോലെ ആനിമേറ്റേഴ്സിന്റെ റീജിയണൽ മീറ്റിംഗുകളും നടത്തുന്നു. പ്രസ്തുത മീറ്റിംഗുകളിലേയ്ക്കു ആനിമേറ്റേഴ്സിന്റെ സാന്നിധ്യം പ്രതീക്ഷിക്കുന്നു.

16/07/2016 രാവിലെ 10 മണിക്ക് കോതമംഗലം റീജിയണൽ മീറ്റിംഗ് (കോതമംഗലം കത്തീഡ്രൽ).

16/07/2016 ഉച്ചകഴിഞ്ഞ് 3 മണിക്ക് മൂവാറ്റുപുഴ റീജിയണൽ മീറ്റിംഗ് (മൂവാറ്റുപുഴ ഹോളി മാഗി ചർച്ച്).

23/07/2016 ഉച്ചകഴിഞ്ഞ് 3 മണിക്ക് തൊടുപുഴ റീജിയണൽ മീറ്റിംഗ് (തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്).

*Director*

## ചെറുപുഷ്പമിഷൻലീഗ്

*CML 42 /2016* **മാനേജിംഗ് കമ്മറ്റി**

ജൂലൈ 8 വെള്ളിയാഴ്ച വൈകിട്ട് 7-ന് നെസ്റ്റിൽവച്ച് രൂപത മാനേജിംഗ് കമ്മിറ്റി നടക്കുന്നു. എല്ലാമേഖലയിലെയും ബഹു. ഡയറക്ടറച്ചന്മാരും അസി. ഡയറക്ടർമാരും മോഡറേറ്റർ സിസ്റ്റർമാരും മേഖല ഭാരവാഹികളും ഈ കമ്മിറ്റിയിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*CML 43 /2016* **രൂപതാ കൗൺസിൽ**

രൂപതാ കൗൺസിൽ ജൂലൈ 9-ാം തീയതി രാവിലെ 9.15-ന് മൂവാറ്റുപുഴ നെസ്റ്റിൽവച്ചു നടക്കുന്നതാണ്. മേഖല-ശാഖാ ഭാരവാഹികൾ എല്ലാവരും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*CML 44 /2016* **ശാഖാ റിപ്പോർട്ട്**

റിപ്പോർട്ടുകൾ തരാത്ത ശാഖകൾ എത്രയും പെട്ടെന്ന് റിപ്പോർട്ടുകൾ രൂപത ഓഫീസിൽ ഏല്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

*CML 45 /2016* **മിഷൻ ബോയ്/ഗേൾ**

ശാഖയിലെ മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും മിഷൻ പ്രദേശങ്ങളുമായുള്ള ശാഖകളുടെ ബന്ധം ക്രമീകരിക്കുവാനും



മാനുവൽ ബുക്ക് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനും ശാഖയിൽ മിഷൻ ബോയ്/ഗേളിനെ തെരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 46 /2016* **എസ്.എസ്.എൽ.സി., പ്ലസ് ടു അവാർഡ്**

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ എ+/എ1 കിട്ടിയ കുട്ടികളുടെ മാർക്ക്ലിസ്റ്റ് വികാരിയച്ചന്റെ ഒപ്പുസഹിതം ജൂലൈ 5-ന് മുമ്പ്, നെസ്റ്റിലെ ഓഫീസിൽ ഏല്പിക്കുക.

*CML 47 /2016* **ദൈവവിളി സെമിനാർ**

രൂപത മൈനർ സെമിനാരിയോടു സഹകരിച്ച് നടത്തുന്ന ബർക്കുമൻസ് മീറ്റ് എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. അതതു ഫൊറോന കേന്ദ്രങ്ങളിൽ കഴിയുന്നത്ര വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക. മേഖല ഭാരവാഹികൾ അതതു ഫൊറോനകളിൽ നേതൃത്വം നല്കുക.

*CML 48 /2016* **കാരുണ്യജപമാലയാത്ര**

കാരുണ്യവർഷത്തിൽ കുട്ടികളെ കൂടുതൽ പ്രേഷിതതീക്ഷ്ണതയിൽ വളർത്താൻ രൂപതയുടെ നേതൃത്വത്തിൽ ജൂലൈ 9 മുതൽ നവംബർ 18 വരെ കരുണയുടെ ജപമാല പ്രയാണം ഓരോ ശാഖയിലേയ്ക്കും നടത്തുന്നു.

*CML 49 /2016* **സമ്മാനക്കൂപ്പൺ**

ഈ വർഷവും രൂപതാതലത്തിൽ സമ്മാനക്കൂപ്പൺ തയ്യാറാക്കിയിരിക്കുന്നു. ഒരു കൂപ്പണ് 10 രൂപയായിരിക്കും വില. ഒരോ കൂപ്പൺ ബുക്കും പൂർണ്ണമായും ചെലവാക്കുമ്പോൾ കുട്ടിക്കും യൂണിറ്റിനും 20 രൂപ വീതം കമ്മീഷൻ എടുക്കാവുന്നതാണ്. പൂർണ്ണമാകാത്ത ബുക്കിന് കമ്മീഷൻ ഉണ്ടായിരിക്കുന്നതല്ല. കമ്മീഷൻ കിഴിച്ച് ഒരു ബുക്കിന് 160 രൂപ വച്ച് 2016 ആഗസ്റ്റ് 30-ാം തീയതിയ്ക്കുമുമ്പ് രൂപത ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

*CML 50 /2016* **ചെറുസൂനം**

കഴിഞ്ഞ വർഷത്തെ ചെറുസൂനം കുടിശിക അടച്ചുതീർക്കാനുള്ള ശാഖകൾ എത്രയും പെട്ടെന്ന് അടച്ചുതീർക്കുക. ഈ വർഷത്തെ ചെറുസൂനത്തിന്റെ എണ്ണം വർദ്ധിപ്പിക്കുവാനും വില അടയ്ക്കുവാനും കൗൺസിൽ ദിവസം സൗകര്യമുണ്ടായിരിക്കും.

*CML 51 /2016* **മിഷൻ സായാഹ്നം**

മേഖല-ശാഖാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ മൂന്നു റീജിയണുകളിലായി മിഷൻ സായാഹ്നങ്ങൾ നടത്തുന്നു. ഡയ

റക്ടേഴ്സ്, അസി. ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, മേഖല-ശാഖ ഭാരവാഹികൾ എന്നിവർ പങ്കെടുക്കേണ്ടതാണ്.

| | |
|---|---|
| കോതമംഗലം റീജിയൺ | ജൂലൈ 15 |
| മൂവാറ്റുപുഴ റീജിയൺ | ജൂലൈ 22 |
| തൊടുപുഴ റീജിയൺ | ജൂലൈ 29 |

*CML 52 /2016* **അസി. ഡയറക്ടേഴ്സ്**

| | | |
|---|---|---|
| കോതമംഗലം | - | റവ. ഫാ. ജെയിംസ് മുണ്ടോളിക്കൽ |
| കാളിയാർ | - | റവ. ഫാ. മാത്യു കൊച്ചുപുരയ്ക്കൽ (Jr.) |
| ഊന്നുകൽ | - | റവ. ഫാ. ജോസ് ചിരപ്പറമ്പിൽ |
| മൂവാറ്റുപുഴ | - | റവ. ഫാ. ആന്റണി മാളിയേക്കൽ |
| വാഴക്കുളം | - | റവ. ഫാ. തോമസ് കണ്ണംകുളം |
| തൊടുപുഴ | - | റവ. ഫാ. തോമസ് വിലങ്ങുപാറയിൽ |
| മുതലക്കോടം | - | റവ. ഫാ. ജോസഫ് കൂനാനി |
| കരിമണ്ണൂർ | - | റവ. ഫാ. സെബാസ്റ്റ്യൻ പോത്തനാംമുഴി |

കഴിഞ്ഞ പ്രവർത്തനവർഷത്തിൽ മേഖല അസി. ഡയറക്ടർമാരായിരുന്നവരെ നന്ദിയോടെ ഓർക്കുകയും പുതിയ കർമ്മരംഗങ്ങളിൽ എല്ലാ വിജയങ്ങളും നേരുകയും ചെയ്യുന്നു.

*CML 53/2016* **സമ്മാനകൂപ്പൺ വിജയികൾ**

കേന്ദ്ര ഓഫീസ് പുനരുദ്ധാരണ ഫണ്ടിനുവേണ്ടി നടത്തിയ സമ്മാനകൂപ്പൺ വിജയികളായവർ:

| | | |
|---|---|---|
| I | ഹോണ്ട ആക്ടീവ | - സി.എം.എൽ. കത്തീഡ്രൽ യൂണിറ്റ് |
| II | ലാപ്ടോപ്പ് | - ബിനു ജോൺ പള്ളിക്കമാലിൽ, പാറപ്പുഴ |
| III | എൽ.ഇ.ഡി. ടിവി | - നിതിൻ മാത്യൂസ്, കാവക്കാട് |
| IV | ഫ്രിഡ്ജ് | - മണികണ്ഠൻ വി.ജെ.ഡി. |
| V | സ്മാർട്ട് ഫോൺ | - ഐറിൻ മാത്യു തുരുത്തിപ്പിള്ളിൽ, വണ്ടമറ്റം |
| VI | റ്റാബ്ലെറ്റ് | - മിസ് റീന, ശോഭന പബ്ലിക് സ്കൂൾ |
| VII | കൂളർ | - ട്രീസ തോമസ് പൂവൻ, പെരിങ്ങഴ |
| VIII | ജ്യൂസർ മിക്സി | - ജോസഫ് മുടവൻകുന്നേൽ, പറമ്പൻചേരി |
| IX | അലമാര | - എബി ജോസഫ് കൂറ്റപ്പിള്ളി, പാലാ |
| X | ഹോം തീയറ്റർ | - സി. ഫ്ളവർലെറ്റ് CSN, തൃക്കാരിയൂർ |

*Director*



# കെ.സി.എസ്.എൽ.

*KCSL 24/2016* **ഹൃദയപൂർവ്വം സ്വാഗതം**

കെ.സി.എസ്.എൽ. രൂപതാ എക്സിക്യൂട്ടീവിലേയ്ക്കു പുതുതായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ജോയിന്റ് ഡയറക്ടർ സി. മാഗി എസ്.എ.ബി.എസ്., സി. മോഡസ്റ്റ സി.എസ്.എൻ., ശ്രീ. ഷിന്റോ ജോസ്, ശ്രീ. സോണി ജോയി, ശ്രീ. റിജിൻ ജോയി, ശ്രീമതി ലൗഷ സിറിയക് എന്നിവർക്കു രൂപതാ കുടുംബത്തിലേയ്ക്കു സ്നേഹപൂർവ്വം സ്വാഗതം.

*KCSL 25/2016* **യാത്രാമംഗളങ്ങൾ**

ഏറെ വർഷക്കാലം കെ.സി.എസ്.എൽ രൂപതാ എക്സിക്യൂട്ടീവ് കൗൺസിലിൽ പ്രവർത്തിച്ച് സംഘടനയെ വളർത്തുന്നതിൽ ആത്മാർപ്പണം നടത്തി, നിസ്വാർത്ഥമായി പ്രവർത്തിച്ചു കടന്നുപോകുന്ന ശ്രീമതി ലിസി എൻ. ഒ., റവ. സി. തെരേസ് എസ്.ഡി., റവ. സി. ട്രൈസി എസ്.ഡി. എന്നിവർക്ക് രൂപതാ കെ.സി.എസ്.എൽ. കുടുംബത്തിന്റെ പ്രാർത്ഥനാമംഗളങ്ങൾ!

*KCSL 26/2016* **പഠനക്കളരി**

ഈ പ്രവർത്തനവർഷം കെ.സി.എസ്.എൽ. പഠനക്കളരിക്ക് എടുത്തിരിക്കുന്ന വിഷയം "ജീവനും ജീവിതവും സഹജീവികൾക്കായ്" എന്നതാണ്. ഫാ. ഡേവിസ് ചിറമേൽ രചന നിർവഹിച്ചിരിക്കുന്ന ഈ പുസ്തകം കുട്ടികൾക്കും അധ്യാപകർക്കും ഒരു വഴികാട്ടിയാണ്. സഹജീവികളുമായുള്ള പരസ്പരബന്ധത്തിന്റെ വിവിധ തലങ്ങൾ സമഗ്രമായി പ്രതിപാദിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണിത്.

വിശുദ്ധരുടെ ജീവചരിത്രം പഠിക്കുന്നതിന്റെ ഭാഗമായി ഈ വർഷം തയ്യാറാക്കിയിരിക്കുന്നതു ശ്രീ. ഷാജി മാലിപ്പാറയുടെ "വിശുദ്ധ ദമ്പതികൾ" എന്ന പുസ്തകമാണ്. വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ ലൂയിമാർട്ടിന്റെയും സെലിഗ്വരിന്റെയും ജീവചരിത്രമാണിത്. ഈ പുസ്തകങ്ങൾ കെ.സി.എസ്.എൽ. അംഗങ്ങൾക്കു വാങ്ങിക്കൊടുക്കാൻ അനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

*KCSL 27/2016* **ആനിമേറ്റേഴ്സ് മീറ്റ്**

ജൂലൈ 30-ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് നെസ്റ്റിൽ വച്ച് അനിമേറ്റേഴ്സ് മീറ്റും മാർഗ്ഗരേഖ പ്രകാശനവും നടത്തുന്നു. എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*KCSL 28/2016* **അനുമോദനങ്ങൾ**

സ്റ്റേറ്റ്തലത്തിൽ ബെസ്റ്റ് ആനിമേറ്ററായി തെരഞ്ഞെടുക്കപ്പെട്ട സി. ഫ്രാൻസിലറ്റ് എഫ്.സി.സി. യ്ക്കും രൂപതയിലെ ബെസ്റ്റ് ആനിമേറ്ററായി തെരഞ്ഞെടുക്കുപ്പെട്ട ലിസി ടീച്ചറിനും രൂപതാകുടുംബത്തിന്റെ അനുമോദനങ്ങൾ. 2015-16 പ്രവർത്തനവർഷത്തിൽ മികച്ച സ്കൂളുകളായി തെരഞ്ഞെടുക്കപ്പെട്ട സെന്റ് അഗസ്റ്റിൻസ് കോതമംഗലം (ഹയർ സെക്കണ്ടറി വിഭാഗം), സെന്റ്ജോസഫ്സ് എച്ച്.എസ്. പൈങ്ങോട്ടൂർ (എച്ച്.എസ് വിഭാഗം), സെന്റ് സെബാസ്റ്റ്യൻസ് യു.പി തൊടുപുഴ (യു.പി വിഭാഗം) എന്നീ സ്കൂളുകൾക്കും അനുമോദനങ്ങൾ.

*KCSL 29/2016* **മൂല്യബോധവത്കരണ സെമിനാർ/ധ്യാനം**

കെ.സി.എസ്.എൽ. പ്രവർത്തിക്കുന്ന രൂപതയിലെ എല്ലാ സ്കൂളുകളിലും കുട്ടികൾക്കായി ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മൂല്യബോധവത്കരണ പ്രോഗ്രാമുകളും ധ്യാനങ്ങളും നടത്താൻ രൂപതയിലെ കൊച്ചച്ചന്മാരുടെ ടീമുകൾ തയ്യാറായിട്ടുണ്ട്. താല്പര്യമുള്ളവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 20/2016* **അഭിനന്ദനങ്ങൾ**

സമ്പൂർണ്ണ ദീപിക ഇടവകയായി മാറിയ ചെപ്പുകുളം ഇടവകയ്ക്കും വികാരി ബഹു. ജിയോ തടിക്കാട്ടച്ചനും DFC ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ.

*DFC 21/2016* **ദീപികയുടെ ഏരിയ വരിക്കാരുടെ എണ്ണവും ഇടവകകളും**

| | | | |
|---|---|---|---|
| നെടിയശാല | 90 | അംബികാപുരം | 50 |
| അഞ്ചിരി | 9 | ഈസ്റ്റ് വാഴപ്പിള്ളി | 53 |
| നാകപ്പുഴ | 77 | കലയന്താനി | 42 |
| മുതലക്കോടം | 216 | പുറപ്പുഴ | 36 |
| ചിലവ് | 16 | കദളിക്കാട് | 1 |
| തട്ടക്കുഴ | 4 | കടവൂർ | 2 |
| ചെപ്പുകുളം | 115 | നാടുകാണി | 61 |
| പൈങ്ങോട്ടൂർ | 70 | വടാട്ടുപാറ | 34 |



| | | | |
|---|---|---|---|
| കല്ലാനിക്കൽ | 37 | രണ്ടാർ | 8 |
| വിജ്ഞാന മാതാ | 103 | മൂവാറ്റുപുഴ | 5 |
| പന്നിമറ്റം | 18 | കോതമംഗലം | 29 |
| പെരിങ്ങഴ | 18 | തൃക്കാരിയൂർ | 3 |
| ആരക്കുഴ | 37 | | |

*DFC 22/2016* **റീജിയണൽ ഡയറക്ടേഴ്സ്**

**കോതമംഗലം : ഫാ. ജോർജി പള്ളിക്കുന്നേൽ**

കോതമംഗലം, നെല്ലിക്കുഴി, കുറുപ്പംപടി, നെടുങ്ങപ്ര, കോട്ടപ്പടി, കുത്തുങ്കൽ, തൃക്കാരിയൂർ

**നെല്ലിമറ്റം : ഫാ. സിറിയക് കോടമുള്ളിൽ**

നെല്ലിമറ്റം, നാടുകാണി, ഇഞ്ചൂർ, മാലിപ്പാറ, വടാട്ടുപാറ, മാതിരപ്പിള്ളി, മുട്ടത്തുപാറ

**പൂയംകുട്ടി : ഫാ. അഗസ്റ്റിൻ പടിഞ്ഞാറേക്കുറ്റ്**

പൂയംകുട്ടി, കീരംപാറ, ഞായപ്പിള്ളി, കുട്ടംപുഴ, വെളിയേൽച്ചാൽ, ഉരുളൻതണ്ണി

**പൈങ്ങോട്ടൂർ : ഫാ. ജോർജ് വടക്കേൽ, ഫാ. ആന്റണി പുത്തൻകുളം**

പൈങ്ങോട്ടൂർ ഫൊറോന

**വാഴക്കുളം : ഫാ. ജോസ് മോനിപ്പിള്ളി, ഫാ.തോമസ് കണ്ണംകുളത്തിൽ**

വാഴക്കുളം ഫൊറോന

**ഊന്നുകൽ : ഫാ. ജോസഫ് കോയിക്കക്കുടി**

ഊന്നുകൽ, നേര്യമംഗലം, ഇഞ്ചത്തൊട്ടി, നീണ്ടപാറ

**അംബികാപുരം : ഫാ. ജോസ് കിഴക്കേൽ**

പരീക്കണ്ണി, അംബികാപുരം, മാമലക്കണ്ടം, പുലിയൻപാറ, പഴമ്പിള്ളിച്ചാൽ

**തൊടുപുഴ : ഫാ. ജോർജ് വള്ളോംകുന്നേൽ**

തൊടുപുഴ, കല്ലാനിക്കൽ, നെടിയകാട്, പൊന്നന്താനം, ചിറ്റൂർ, തലയനാട്

**പന്നിമറ്റം : ഫാ. ജോൺ കടവൻ**

പന്നിമറ്റം, ആലക്കോട്, വെട്ടിമറ്റം, കലയന്താനി, അഞ്ചിരി, തൊടുപുഴ ഈസ്റ്റ്

**മുതലക്കോടം : ഫാ. ജോസഫ് അടപ്പൂർ, ഫാ. ജോസഫ് താണിക്കൽ**

മുതലക്കോടം ഫൊറോന

**കരിമണ്ണൂർ : ഫാ. ജോസ് കൂനാനി**

കരിമണ്ണൂർ ഫൊറോന

**മൂവാറ്റുപുഴ : ഫാ. ജോൺ പിച്ചാപ്പിള്ളിൽ**
മൂവാറ്റുപുഴ ഫൊറോന
**ആരക്കുഴ : ഫാ. ഫ്രാൻസീസ് കീരംപാറ, ഫാ. ജെയിംസ് ചൂരത്തൊട്ടി**
ആരക്കുഴ ഫൊറോന
**മാറിക : ഫാ. ജെയിംസ് വരാരപ്പിള്ളിൽ, ഫാ. മാത്യൂസ് നന്ദലത്ത്**
മാറിക ഫൊറോന
**കാളിയാർ : ഫാ. ജോസ് അറയ്ക്കൽ, ഫാ. മാത്യു കൊച്ചുപുരയ്ക്കൽ** (Jr.)
കാളിയാർ ഫൊറോന
**മൈലക്കൊമ്പ് : ഫാ. ഫ്രാൻസീസ് ആലപ്പാട്ട്, ഫാ. ജോൺ വടക്കൻ**
മൈലക്കൊമ്പ് ഫൊറോന

*Co-ordinator*

## യുവദീപ്തി

*YD 30 /2016* **അർദ്ധവാർഷിക കൗൺസിൽ**

അർദ്ധവാർഷിക കൗൺസിൽ ജൂലൈ 9-ാം തീയതി രാവിലെ 9.30 മുതൽ വൈകുന്നരം 5.00 മണിവരെ നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നതാണ്.

*YD 31 /2016* **പരിസ്ഥിതി ദിനാചരണം**

പരിസ്ഥിതി ദിനാചരണ രൂപതാതല ഉദ്ഘാടനം ജൂൺ 5-ന് മുതലക്കോടം സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ വച്ച് നടന്നു. മുതലക്കോടം ഇടവക വികാരി ഫാ. ജോസഫ് അടപ്പൂർ, അസി. വികാരിമാരായ ഫാ. ജോസഫ് കൂനാനിക്കൽ ഫാ. ജോസഫ് താണിക്കൽ, രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ എന്നിവരും ഇതിൽ പങ്കെടുത്തു. സഹകരിച്ച എല്ലാവർക്കും നന്ദി.

*YD 32 /2016* **യുവജ്വാല**

ഭാരവാഹികളുടെ പ്രാർത്ഥനാകൂട്ടായ്മയും നേതൃത്വപരിശീലനവുമായ യുവജ്വാല ജൂൺ 11-ന് നെസ്റ്റിൽ വച്ച് നടന്നു.

*YD 33 /2016* **സെന്റ് തോമസ് മൂർ ദിനാചരണം**

സംഘടനയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിനെ അനുസ്മരിച്ചുകൊണ്ട് രൂപതാതല സമ്മേളനം ജൂൺ 19-ന് ആലക്കോട് വി. തോമസ് മൂർ ദൈവാലയത്തിൽ വച്ച് നടന്നു. ഫാ. ജോൺ കടവൻ, ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ, സി. റാണി, യൂണിറ്റ്,



ഫൊറോന, രൂപത ഭാരവാഹികളായ ജോസ്, അനിറ്റ, സോയി, ജോളി അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

*Director*

## ജീസസ് യൂത്ത്

*JY 16 /2016* **ദൈവപരിപാലനയുടെ ആഘോഷം**

ജീസസ് യൂത്ത് മുന്നേറ്റത്തിന് റോമിലെ പൊന്തിഫിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ നന്ദിപ്രകാശന സമ്മേളനം കോതമംഗലം സോണിന്റെ ആഭിമുഖ്യത്തിൽ വാഴക്കുളം വിശ്വജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ നടന്നു. ദൈവപരിപാലനയുടെ ആഘോഷം എന്ന പേരിൽ നടത്തിയ സമ്മേളനം ജൂൺ 5-ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 8 മണിവരെ ആയിരുന്നു. കോതമംഗലം സോണിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 1200 ജീസസ് യൂത്ത് അംഗങ്ങൾ പങ്കെടുത്തു. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, പ്രോട്ടോസിഞ്ചല്ലൂസ്, സിഞ്ചല്ലൂസ്, ജീസസ് യൂത്ത് മുൻ ആനിമേറ്റേഴ്സ്, നാഷണൽ, ഇന്റർ നാഷണൽ കൗൺസിൽ അംഗങ്ങൾ, നിരവധി വൈദികർ, സിസ്റ്റേഴ്സ് എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ദൈവപരിപാലനയുടെ ആഘോഷത്തിന് സോണൽ ആനിമേറ്റർ ഫാ. ജോസഫ് എഴുമായിൽ, സി. റൂബി എസ്. ഡി., ജനറൽ കോ-ഓർഡിനേറ്റർ ബിജു പാറത്തട്ടേൽ എന്നിവർ നേതൃത്വം നൽകി.

*JY 17 /2016* **നൈറ്റ് വിജിൽ**

ജൂൺമാസത്തിലെ നൈറ്റ് വിജിൽ 11-ാം തീയതി നെസ്റ്റിൽ വച്ചു നടന്നു. ഫാ. ബിജു SVD ക്ലാസ്സ് നയിച്ചു. അടുത്ത നൈറ്റ് വിജിൽ ജൂലൈ 9-ാം തീയതി ആയിരിക്കും.

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 15 /2016*

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ രൂപതാ, ഫൊറോന ഭാരവാഹികളും മോഡറേറ്റർ സിസ്റ്റേഴ്സും മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പുതിയതായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് 'Familia 2016' എന്ന പേരിൽ പ്രതിനിധി സംഗമവും പ്രവർത്തനവർഷ ഉദ്ഘാടനവും നടത്താൻ തീരുമാനിച്ചു.

പുതിയ ഡയറക്ടറായി ചാർജ്ജെടുത്ത ബഹു. സെബാസ്റ്റ്യൻ വലിയ താഴത്തച്ചനെ ഹൃദ്യമായി സ്വാഗതം ചെയ്തു. 60 പേർ മീറ്റിംഗിൽ പങ്കെടുത്തു.

*FA 16 /2016* **ഫൊറോന കൗൺസിലുകൾ**

ഊന്നുകൽ ഫൊറോന കൗൺസിൽ നേര്യമംഗലം ഇടവകയിൽ വച്ചും പൈങ്ങോട്ടൂർ ഫൊറോന കൗൺസിൽ പോത്താനിക്കാട് ഇടവകയിൽ വച്ചും തൊടുപുഴ ഫൊറോന കൗൺസിൽ തൊടുപുഴയിൽ വച്ചും ഡയറക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്തിന്റെ നേതൃത്വത്തിൽ കൂടി.

*FA 17 /2016* **ഫാമിലി അപ്പോസ്റ്റലേറ്റ് പ്രതിനിധിസംഗമവും പ്രവർത്തനവർഷ ഉദ്ഘാടനവും**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ ഫൊറോന-ഇടവക ഭാരവാഹികളുടെ കുടുംബസംഗമം 'Familia 2016' ജൂൺ 25 ശനിയാഴ്ച മൂവാറ്റുപുഴ നിർമ്മല ഹൈസ്കൂളിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്തു. മോൺ. ജോർജ് ഓലിയപ്പുറം അർപ്പിച്ച ദിവ്യബലിക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ മോൺ. ജോർജ് കാര്യാമഠം അദ്ധ്യക്ഷനായിരുന്നു. ഫാമിലി അപ്പോസ്റ്റലേറ്റിന്റെ വെബ് സൈറ്റ് ഉദ്ഘാടനം നെസ്റ്റ് ഡയറക്ടർ ഫാ. ജോർജ് കാരക്കുന്നേലും നിയമാവലി പ്രകാശനം രൂപതാ പ്രസിഡന്റ് അഡ്വ. തോമസ് മാത്യുവും നിർവ്വഹിച്ചു.

*FA18 /2016* **വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| July | 6 - 8 | - | NESTT |
| " | 20 - 22 | - | NESTT |

*FA 19 /2016* **സീറോ മലബാർ മാട്രിമണി**

സീറോമലബാർ രൂപതകൾ ഒന്നുചേർന്ന് നടത്തുന്ന സംരംഭം. കോതമംഗലം രൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഭാഗമായ 'നിർമ്മല മാട്രിമണി' യിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ലോകമെമ്പാടുമുള്ള സീറോ മലബാർ സഭാംഗങ്ങളിൽനിന്നും പങ്കാളിയെ കണ്ടെത്തുവാനുള്ള സുവർണ്ണാവരം.

ഇതിലേയ്ക്കുള്ള രജിസ്ട്രേഷൻ ഇടവകകളിലെ ഫാമിലി അപ്പോസ്റ്റലേറ്റ് ഭാരവാഹികൾ വഴി നടത്തുവാൻ ആഗ്രഹിക്കുന്നു. ബഹു. അച്ചന്മാർ സഹകരിക്കുമല്ലോ.

Registration: www.nirmalamatrimonial.com
Ph. 9495011191



*FA20 /2016* **Marriage Preparation Courses in Kerala 2016 July**

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| ALAPPPUZHA | | 8-10 | | |
| CHANGANACHERRY | 4-6 | 11-13 | | |
| ERNAKULAM (KALOOR) | 4-6 | 11-13 | 18-20 | 25-27 |
| ERNAKULAM (KALADY) | | 12-14 | 19-21 | 26-28 |
| IDUKKI | | 11-13 | | 25-27 |
| IRINJALAKUDA | | 11-13 | | 25-27 |
| KANJIRAPPALLY | 4-6 | | | 28-30 |
| KOCHI (LATIN) | | 7-10 | | 29-31 |
| KOLLAM (LATIN) | 6-8 | 13-15 | | 27-29 |
| KOTHAMANGALAM | 6-8 | | 20-22 | |
| KOTTAPPURAM (LATIN) | 6-8 | | | |
| KOTTAYAM | | 7-9 | | |
| MANANTHAVADY | | | | 24-27 |
| MAVELIKKARA (MALANKARA) | | 8-10 | | |
| NEYYATTINKARA (LATIN) | | 13-15 | | |
| PALA | | 11-13 | | |
| PALAKKAD | 4-7 | | | |
| PATHANAMTHITTA | | 8-10 | | |
| SULTHANPETT | 2-3 | | | |
| THALASSERY | 5-7 | | 19-21 | |
| THAMARASSERY | 6-9 | | | |
| THIRUVALLA | 5-7 | | 19-21 | |
| THIRUVANANTHAPURAM (Latin) | 4-6 | | 18-20 | |
| THIRUVANANTHAPURAM (Malankara) | | | 8-10 | |
| THRISSUR | 6-8 | 13-15 | 20-22 | 27-29 |
| VARAPPUZHA | | | 15-17 | |
| VIJAYAPURAM | | 7-10 | | |

*Director*

## മാതൃവേദി

*MV 21 /2016*

മാതൃവേദിയുടെ പുതിയ ഡയറക്ടറായി ചാർജ്ജെടുത്ത ബഹു. സെബാസ്റ്റ്യൻ വലിയതാഴത്തച്ചനെ സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

*MV 22 /2016* **2015-16 മാതൃവേദി പ്രവർത്തനവർഷത്തിൽ സമ്മാനാർഹരായവർ**

| | | | |
|---|---|---|---|
| **ബെസ്റ്റ് യൂണിറ്റ്** | **A** വിഭാഗം | I | നെല്ലിമറ്റം |
| | | II | ആരക്കുഴ |
| | | III | നാകപ്പുഴ |
| | **B** വിഭാഗം | I | നെല്ലിക്കുഴി |
| | | II | കാരക്കുന്നം |
| | | III | ഏഴല്ലൂർ |
| | **C** വിഭാഗം | I | പാറപ്പുഴ |
| | | II | തൃക്കാരിയൂർ |
| | | III | കുളപ്പുറം |

**അടുക്കളതോട്ടം - പച്ചക്കറി**

I ആൻസി ബെന്നി, വട്ടക്കുടിയിൽ, കാവക്കാട്

II സാലി പോൾ, ആടുകുഴിയിൽ, അരിക്കുഴ

III ലൈല സെബാസ്റ്റ്യൻ, കൊററം, കാരക്കുന്നം

**വ്യവസായം Hitech - പച്ചക്കറി**

I ലാലി ജോർജ്, മഞ്ചേരിൽ, പാറപ്പുഴ

II ഡോളി ജോളി, തരണയിൽ, അരിക്കുഴ

III കൊച്ചുമോൾ സുനിൽ, അവിരാപ്പാട്ട്, വെളിയേൽച്ചാൽ

**Logos Quiz**

റോസ് മേരി ജിജി, പഴയംകോട്ടിൽ, കുണിഞ്ഞി
ഷാന്റി ജോസഫ്, മങ്ങാട്ട്, പൂയംകുട്ടി
ചിന്നമ്മ തോമസ്, വട്ടക്കുഴിയിൽ, തഴുവംകുന്ന്
അന്നക്കുട്ടി ചാക്കോ, പോത്തനാംമൂഴി, ആനിക്കാട്
സിനി ആന്റണി, നെടുങ്കല്ലേൽ, നാകപ്പുഴ
നോബി ഷാജു, കിഴക്കാലായിൽ, നാകപ്പുഴ
മേരി ജോസഫ്, കാളാംപറമ്പിൽ, കുത്തുങ്കൽ

| | | | |
|---|---|---|---|
| **വിവാഹസഹായനിധി ശേഖരണം** | **A** വിഭാഗം | I ആരക്കുഴ | 64220/- |
| | | II മൂവാറ്റുപുഴ | 40000/- |
| | **B** വിഭാഗം | I പെരിങ്ങഴ | 27200/- |
| | | II കാരക്കുന്നം | 24400/- |
| | **C** വിഭാഗം | I പാറപ്പുഴ | 10800/- |
| | | II തൃക്കാരിയൂർ | 10400/- |

ആരക്കുഴ യൂണിറ്റിൽ നിന്നും സ്വയമായി വിവാഹസഹായനിധി ഫണ്ടിലേയ്ക്ക് 65000/- രൂപ ശേഖരിച്ച രൂപതാ വൈസ് പ്രസിഡന്റ് കണിയാംമാട്ടേൽ മേരി ജോർജിന് അഭിനന്ദനങ്ങൾ.



സമ്മാനാർഹരായ എല്ലാവർക്കും സഹകരിച്ചവർക്കും അഭിനന്ദനങ്ങളും ആശംസകളും.

*MV 23 /2016* **KCBC വനിതാ കമ്മീഷൻ**

KCBC വനിതാ കമ്മീഷൻ ദേശീയ സെക്രട്ടറിയായി ശ്രീമതി ഡെൽസി ലൂക്കാച്ചൻ നമ്പ്യാപറമ്പിലും ജോയിന്റ് ട്രഷറർ ആയി ശ്രീമതി ആനി ജോസഫ് ഇളയിടവും തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

*MV 24 /2016* **തീർത്ഥാടനം**

മദർ തെരേസയുടെ വിശുദ്ധപദവി പ്രഖ്യാപനത്തോടനുബന്ധിച്ച് KCBC വനിതാ കമ്മീഷൻ പത്തുദിവസത്തേയ്ക്കുള്ള റോമൻ തീർത്ഥയാത്ര ഒരുക്കിയിരിക്കുന്നു. ഫീസ് -1,30,000/-. Contact No. 9495676142

*Director*

## D.C.M.S.

*DCMS 5 /2016* **ഏകദിന സെമിനാർ**

രൂപതാസമിതിയുടെ നേതൃത്വത്തിൽ ദളിത് കത്തോലിക്കരായ എല്ലാ മാതാപിതാക്കൾക്കും വേണ്ടി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് 2016 ജൂലൈ 9-ാം തീയതി രാവിലെ 9.00 മുതൽ 4.00 വരെ ഏകദിന സെമിനാർ നടത്തപ്പെടുന്നു. ഈ സെമിനാറിലേക്ക് ഓരോ ഇടവകയിൽ നിന്നും DCMS ആയിട്ടുള്ള എല്ലാ മാതാപിതാക്കളേയും പറഞ്ഞയയ്ക്കുവാൻ ബ. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*DCMS 6 /2016* **യൂണിറ്റുതല മീറ്റിംഗും കുടവിതരണവും**

വാഴക്കുളം, കല്ലൂർക്കാട് എന്നീ യൂണിറ്റുകളിൽ യഥാക്രമം ജൂൺ 5, 11 എന്നീ തീയതികളിൽ മീറ്റിംഗ് സംഘടിപ്പിക്കുകയും 25-ഓളം കുട്ടികൾക്ക് സൗജന്യമായി കുട വിതരണം ചെയ്യുകയും ചെയ്തു. അതാത് ഇടവകകളിലെ ബ. വികാരിയച്ചന്മാരും യൂണിറ്റ്, രൂപതാഭാരവാഹികളും ഈ മീറ്റിംഗിൽ പങ്കെടുത്തു.

*DCMS 7 /2016* **DCMS രൂപതാ ഭാരവാഹികൾ**

| | | |
|---|---|---|
| ഡയറക്ടർ | : ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ | 9747975511 |
| ആനിമേറ്റർ | : സി. മെർളി പെരുമ്പനാനി | 9496077751 |

| | | |
|---|---|---|
| പ്രസിഡന്റ് | : ജോളി ജോസഫ് പാലംകുന്നേൽ, കല്ലൂർക്കാട് | 9447820173 |
| വൈസ് പ്രസിഡന്റ് | : റീത്താമ്മ മാത്യു വാലംപാറയ്ക്കൽ, കല്ലൂർക്കാട് | 9562701404 |
| സെക്രട്ടറി | : ജോസ് റ്റി. ജെ. തോട്ടുമാരിക്കൽ, നാകപ്പുഴ | 9495818908 |
| ജോ. സെക്രട്ടറി | : അനു മാത്യു കുന്നേൽ, വാഴക്കുളം | 9747223127 |
| ട്രഷറർ | : വിൽസൺ മൂലാനിക്കൽ, കല്ലൂർക്കാട് | 9544462946 |
| ഓർഗനൈസർ | : നെൽസൺ വർഗീസ് ഇല്ലിക്കുന്നേൽ | 9061571493 |

**കമ്മിറ്റിയംഗങ്ങൾ**

| | |
|---|---|
| സണ്ണി തോമസ് മേനാച്ചേരിയിൽ, നാകപ്പുഴ | 7025088080 |
| ബിജു ജോസഫ് ആലവച്ചപാറയിൽ, നാകപ്പുഴ | 9961774769 |
| സിബി റ്റി.എം. തുണ്ടിയിൽ, അരിക്കുഴ | 8301868364 |
| മേഴ്സി ജോമി വാന്തുപറമ്പിൽ, നാകപ്പുഴ | 9962956795 |
| റെജീന സോണി നടുവക്കാട്ട്, വാഴക്കുളം | 8301870293 |

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 10 /2016* **നവവൈദികർക്ക് സ്വീകരണം**

കോതമംഗലം രൂപതയിലെ നവവൈദികർക്ക് രൂപതാ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നല്കി. 18.5.2016 ശനിയാഴ്ച മാറിക ഫൊറോന പള്ളിയിൽ വച്ചായിരുന്നു സ്വീകരണം. അന്ന് 4.30 pm-ന് എല്ലാ നവവൈദികരും ചേർന്ന് അർപ്പിച്ച സമൂഹബലിയ്ക്ക് ശേഷം പാരീഷ് ഹാളിൽ രൂപതാ പ്രസിഡന്റ് ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ സ്വീകരണസമ്മേളനം ചേർന്നു. സമ്മേളനത്തിൽ കത്തോലിക്കാകോൺഗ്രസിന്റെ രൂപതാ ഡയറക്ടർ മോൺ. ജോർജ് ഓലിയപ്പുറം, കേന്ദ്ര ജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം, മാറിക ഫൊറോനാപള്ളി വികാരി റവ. ഫാ. ജെയിംസ് വരാരപ്പിള്ളി എന്നിവരും കത്തോലിക്കാകോൺഗ്രസിന്റെ രൂപതാ, ഫൊറോന, യൂണിറ്റ് ഭാരവാഹികളും മാറിക പള്ളി ഇടവകാംഗങ്ങളും പങ്കെടുത്തു. സ്വീകരണത്തിന് നവവൈദികരുടെ പ്രതിനിധി റവ. ഫാ. ജോൺ വടക്കൻ നന്ദി പറഞ്ഞു.

*Director*



## ഇൻഫാം

*INF 1 /2016*

ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാർ നേതൃത്വം നൽകുന്ന കർഷകസംഘടനയായ ഇൻഫാം സ്വന്തം വാക്കുകൾ അടയാളപ്പെടുത്തുകയാണ് ഈ വർഷത്തെ കർമ്മപദ്ധതിയിലൂടെ. സ്വാർത്ഥലാഭേച്ഛ കൂടാതെ പരസ്നേഹവും സേവനവും മാത്രം ലക്ഷ്യംവച്ചുകൊണ്ട് ഇൻഫാം പുതിയ സേവനമേഖലയിലേക്ക് പ്രവേശിക്കുന്നു.

കാർഷിക നേഴ്സറിയും ധാന്യമില്ലും ആരംഭിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ലാഭേച്ഛ കൂടാതെ ഉപഭോക്താക്കളിലെത്തിച്ച് കാർഷിക മേഖലയ്ക്ക് സഹായകമാകുകയാണ് ഇൻഫാം.

വാഴക്കുളം-കല്ലൂർക്കാട് വഴിയിൽ ബസ്സഹം കുരിശുപള്ളിക്കു സമീപമാണ് ഇവ ആരംഭിക്കുന്നത്. ധാന്യമില്ലിൽനിന്ന് ഗുണമേന്മയുള്ള അരി, ഗോതമ്പ്, മല്ലി, മുളക്, മഞ്ഞൾ തുടങ്ങിയവ യഥേഷ്ടം തെരഞ്ഞെടുത്ത് ശുദ്ധമാക്കി പൊടിച്ചുവാങ്ങാൻ ഉപഭോക്താക്കൾക്ക് സൗകര്യം ലഭിക്കും. കൊപ്രയിൽനിന്ന് അപ്പോൾതന്നെ എണ്ണയെടുത്ത് ഉപഭോക്താക്കൾക്ക് നൽകാനും പദ്ധതിയുണ്ട്. കാർഷിക മേഖലയ്ക്കാവശ്യമായ എല്ലായിനം വിത്തുകളും തൈകളും കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കും. അത്യുത്പാദനശേഷിയുള്ള മലയൻ ഗ്രീൻ സ്വാർഫ് തെങ്ങിൻ തൈകൾ ഉടനെതന്നെ വിതരണത്തിനു തയ്യാറാകുമെന്നും ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ, കൺവീനർ ജോസ് എടപ്പാട്ട് എന്നിവർ അറിയിച്ചു.

നേഴ്സറിയുടെയും ധാന്യമില്ലിന്റെയും ഉദ്ഘാടനം ജൂലൈ 2-ന് വാഴക്കുളത്ത് നടത്തും. എം.എൽ.എ. മാരായ പി. ജെ. ജോസഫ്, എൽദോ എബ്രാഹം, ആന്റണി ജോൺ എന്നിവർ ചടങ്ങിൽ സംബന്ധിക്കും.

*Director*

## Emmanuel Retreat Centre, Vazhakulam

*ERC 11 /2016* **ജൂലൈ മാസത്തിലെ ശുശ്രൂഷകൾ**

1 ആദ്യ ശനി (02-07-2016)
"എമ്മാനുവേൽ ഏകദിന കൺവെൻഷൻ"- 9.30 am മുതൽ 1.00 pm വരെ. (ജപമാല, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ദൈവകരുണയുടെ നൊവേന)

2 ആദ്യവ്യാഴം (07-07-2016)

"ബഹു. വൈദികരുടെ കൂട്ടായ്മ" - 7.00 pm മുതൽ 9.00 pm വരെ.

3 രണ്ടാം ശനിയാഴ്ച (09-07-2016)
"എമ്മാനുവേൽ ക്രിസ്റ്റീൻ കൺവെൻഷൻ"
9.30 am മുതൽ - 1.00 pm വരെ.
(6 വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വേണ്ടി) ജപമാല, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ദൈവകരുണയുടെ നൊവേന, കൈവയ്പ് ശുശ്രൂഷ, ആന്തരിക സൗഖ്യ പ്രാർത്ഥന).

4 21-07-2016 മൂന്നാം വ്യാഴം
"അഖണ്ഡ കരുണക്കൊന്ത". 9.30 am-ന് ആരംഭിച്ച് 5.30 pm-ന് വിശുദ്ധ കുർബാനയോടുകൂടി സമാപിക്കുന്നു.

5 29-07-2016 അവസാന വെള്ളി
രാത്രി ആരാധന (Night Vigil)
4.30-ന് കുരിശിന്റെ വഴിയോടുകൂടി ആരംഭിക്കുന്നു. വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, സൗഖ്യാരാധന. ജപമാല പ്രദക്ഷിണത്തോടെ രാത്രി 10 മണിക്ക് ശുശ്രൂഷകൾ സമാപിക്കും.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG18 /2016* **ഡയറക്ടർക്ക് സ്വീകരണം**

കോതമംഗലം രൂപതയുടെ പുതിയ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടറായി നിയമിതനായ റവ. ഫാ. ജോർജ് കുരിശുംമൂട്ടിലിന് കോതമംഗലം സോണൽ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ സ്വീകരണവും അനുമോദനങ്ങളും നൽകി. തുടർന്ന് കാരക്കുന്നം മോചനയിൽ വച്ച് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ സർവ്വീസ് ടീം കൂടുകയും ഭാവിപരിപാടികൾ ആലോചിക്കുകയും ചെയ്തു.

*PG19 /2016* **പൈങ്ങോട്ടൂർ സബ് സോൺ**

ബൈബിൾ ഇല്ലാത്ത എല്ലാ ഭവനങ്ങളിലും ബൈബിൾ എത്തിക്കുവാനും ഇന്ത്യയിലെ എല്ലാ പ്രാദേശിക ഭാഷകളിലും ബൈബിൾ അച്ചടിക്കുവാനുമായി തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന



ഫിയാത്ത് മിഷനുവേണ്ടിയുള്ള ധനശേഖരണാർത്ഥം 4.5 ടൺ പഴയ പത്രമാസികകൾ ശേഖരിച്ച് ജൂൺ 10-ാം തീയതി മിഷനു കൈമാറി.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 27/2016* **ശിലാസ്ഥാപനം**

2016 ജൂൺ മൂന്നാം തീയതി തിരുഹൃദയത്തിരുനാൾ ദിനത്തിൽ അല്മായ ഫ്രാൻസിസ്കൻ സഭയുടെ സഹകരണത്തോടെ പുറപ്പുഴയിൽ ആരംഭിക്കുന്ന അഗതിമന്ദിരത്തിന്റെ ശിലാസ്ഥാപനം നടന്നു. പുറപ്പുഴ പള്ളി വികാരി റവ. ഫാ. മാത്യൂസ് നന്ദലത്ത് സ്ഥലം വെഞ്ചരിച്ച് പ്രാർത്ഥിച്ചു. നെടിയകാട് പള്ളി വികാരി റവ. ഫാ. ജോസഫ് മുണ്ടുനടയിൽ കരുണയുടെ ചിത്രം വെഞ്ചരിച്ച് ദൈവകരുണയ്ക്കായി പ്രാർത്ഥിച്ചു. പ്രൊവിൻഷ്യൽ റവ. ഫാ. ജോസഫ് പുത്തൻപുര ശിലാസ്ഥാപനം നടത്തി. തൊടുപുഴ റീജിയണൽ മിനിസ്റ്റർ ബ്ര. ജോണി മുണ്ടയ്ക്കലിന്റെ നേതൃത്വത്തിൽ നിരവധി അല്മായ സഭാംഗങ്ങൾ സന്നിഹിതരായിരുന്നു.

*SFO 28/2016* **കാരുണ്യഫണ്ട്**

എപ്പാർക്കിയൽ അസംബ്ലിയുടെ നിർദ്ദേശമനുസരിച്ച് കോടിക്കുളം ഭ്രാതൃത്വം 4500/- രൂപ ഇടവകയുടെ കാരുണ്യഫണ്ടിലേക്ക് സംഭാവന ചെയ്തു.

ആയവന ഇടവകയിലെ ആദ്യകാല അല്മായ സഭാംഗമായ ഒരു സഹോദരന് സഹായമായി റീജിയണൽ ഫണ്ടിൽ നിന്നും 8000/- രൂപ നൽകി.

*SFO 29/2016* **സന്ദർശനം**

മൂവാറ്റുപുഴ ഹോളി മാഗി ഭ്രാതൃത്വം 2016 ജൂൺ 11-ാം തീയതി കീരംപാറ അഗതിമന്ദിരം സന്ദർശിച്ച് സഹായം നൽകി.

*SFO 30/2016* **തിരഞ്ഞെടുപ്പുകൾ**

അല്മായ ഫ്രാൻസിസ്കൻ സഭയുടെ നാഷണൽ ചാപ്റ്റർ 2016 ഒക്ടോബർ 27, 28, 29 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നതിന് അനുമതി ലഭിച്ചു.

കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ റീജിയണുകളുടെ തിരഞ്ഞെടുപ്പ് 2016 ജൂലൈ 17-ാം തീയതി മൂവാറ്റുപുഴയിൽവച്ച് നടത്തുന്നതാണ്.

*SFO 31/2016* **രാത്രി ആരാധന**

ജൂലൈ മാസത്തിലെ രാത്രി ആരാധന ജൂലൈ 1-ാം തീയതി ആദ്യവെള്ളിയാഴ്ച രാത്രി 9.30 മുതൽ 2-ാം തീയതി ശനിയാഴ്ച രാവിലെ 5.00 മണിവരെ തൊടുപുഴ സേവിയേഴ്സ് ഹോം നിത്യാരാധന ചാപ്പലിൽ വച്ച് നടത്തുന്നതാണ്.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 8 /2016* **കോതമംഗലം സെൻട്രൽ കൗൺസിലിന്റെ 58-ാമത് വാർഷികം**

കോതമംഗലം സെൻട്രൽ കൗൺസിലിന്റെ 58-ാമത് വാർഷികം മെയ് 29-ാം തീയതി മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കോതമംഗലം ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് അഡ്വ. ബാബു കുമ്പളാങ്കൽ അദ്ധ്യക്ഷത വഹിച്ചു. വാർഷിക റിപ്പോർട്ട് സെക്രട്ടറി ബ്ര. ബേബി ജോസഫ് തെക്കേചെരുവിലും കണക്ക് ബ്ര. ജയിംസ് മുണ്ടത്താനവും വിദേശകണക്കുകൾ ബ്ര. കുര്യച്ചൻ വാളോത്തിലും അവതരിപ്പിച്ചു. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ കഴിഞ്ഞ 60 വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആറുപേർക്ക് അഭിവന്ദ്യ പിതാവ് മെമന്റോ നല്കി ആദരിച്ചു. ഏറ്റവും നല്ല കോൺഫ്രൻസിനുള്ള ട്രോഫി മാറിക സെന്റ് ജോസഫ്സ് കോൺഫ്രൻസും രണ്ടും മൂന്നും സ്ഥാനത്തിനുള്ള ട്രോഫികൾ പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് കോൺഫ്രൻസും വെളിയേൽച്ചാൽ സെന്റ് ജോസഫ്സ് കോൺഫ്രൻസും കരസ്ഥമാക്കി. ഏറ്റവും നല്ല ലേഡീസ് കോൺഫ്രൻസായി കരിമണ്ണൂർ സെന്റ് മേരീസ് വനിതാ കോൺഫ്രൻസും ഏറ്റവും നല്ല ഏരിയ കൗൺസിലായി വാഴക്കുളം ഏരിയ കൗൺസിലും തിരഞ്ഞെടുക്കപ്പെട്ടു. മോൺ. ജോർജ് കാര്യാമഠം അനുഗ്രഹപ്രഭാഷണവും നാഷണൻ കൗൺസിൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗീസ് മുഖ്യപ്രഭാഷണവും നടത്തി. മത്സരങ്ങളിൽ വിജയികളായവർക്ക് യോഗത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു. ത്രിതലപഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വിൻസെൻഷ്യൻ പ്രവർത്തകരെ യോഗത്തിൽ ആദരിച്ചു. വിൻസെൻഷ്യൻ



പ്രവർത്തകരുടെ 10, 12 ക്ലാസ്സുകളിൽ പഠിച്ച കുട്ടികളിൽ മുഴുവൻ വിഷയങ്ങൾക്കും A+ കിട്ടിയവർക്ക് സമ്മാനങ്ങൾ നല്കി ആദരിച്ചു.

*Animator*

## NESTT Programme

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| July | 2 | - | Marymatha Construction Company Annual Meeting |
| " | 6 - 8 | - | Pre Marriage Course |
| " | 8 | - | CML Managing Committee Camp |
| " | 9 | - | CML Council<br>DCMS Senior Members' Meeting |
| | 12 | - | Priests' Study Forum |
| " | 15 | - | CML Night Vigil |
| " | 18 - 19 | - | Prayer group Meeting |
| " | 20 - 22 | - | Pre Marriage Course |
| " | 22 | - | CML Night Vigil |
| | 23 - 24 | - | Red Cross Training Programme |
| | 26 | - | മാതൃവേദി രൂപതാ ഇലക്ഷൻ |
| | 29 | - | CML Night Vigil |
| | 30 | - | CML Joint Directors' Meet |

*Director*

## *Festal Greetings*

| | | | |
|---|---|---|---|
| Rev. Fr. | Kachiramattom Kuriakose | **July** | 15 |
| " | Kodakallil Kuriakose | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |
| " | Arackal James | " | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |
| " | Kalapurackal Jacob | " | 25 |
| " | Kalapurayil James | " | 25 |

| | | | |
|---|---|---|---|
| Rev. Fr. | Karakompil James | **July** | 25 |
| " | Kurianal James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |
| " | Panachickal James | " | 25 |
| " | Puthiyedath Jacob | " | 25 |
| " | Rathappillil Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakel James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |
| " | Vembilly James | " | 25 |

# വാർത്തയും വിശേഷങ്ങളും

## വീട്ടിലിരുന്ന് ദൈവശാസ്ത്രം പഠിക്കാൻ ഒരു സുവർണ്ണാവസരം

വിശുദ്ധഗ്രന്ഥവും ദൈവശാസ്ത്രവും ആഴത്തിൽ പഠിച്ച് തങ്ങളുടെ സാക്ഷ്യം കൂടുതൽ ഫലപ്രദമാക്കാൻ ആഗ്രഹിക്കുന്ന അല്മായർക്കായി ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ (സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, മംഗലപ്പുഴ, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, കാർമ്മൽഗിരി) പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (PIA) പുതിയ ഒരു സംരംഭത്തിന് ഈ വർഷം തുടക്കം കുറിച്ചിരിക്കുന്നു. വീട്ടിലിരുന്ന് വിശുദ്ധഗ്രന്ഥവും ദൈവശാസ്ത്രവും പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി ദൈവശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സ് ആരംഭിച്ചിരിക്കുന്നു. മതാദ്ധ്യാപകർക്കും സിസ്റ്റേഴ്സിനും ഇടവക പ്രവർത്തനങ്ങളിൽ നേതൃസ്ഥാനത്ത് ഉള്ളവർക്കും വിശ്വാസകാര്യങ്ങളിൽ താല്പര്യമുള്ളവർക്കും ഏറെ ഉപകാരപ്രദമാണ് ഈ കോഴ്സ്. മലയാളഭാഷയിൽ നാല് സെമസ്റ്ററുകളായി നടത്തപ്പെടുന്ന ഈ കോഴ്സിന് ആവശ്യമായ മലയാള പാഠ്യപുസ്തകങ്ങളും ലഭ്യമാണ്. സെമസ്റ്ററിൽ രണ്ട് കോൺടാക്ട് ക്ലാസ്സുകൾ ഉണ്ടായിരിക്കും. സമ്പന്നമായ ലൈബ്രറികൾ ഉപയോഗിക്കാനുള്ള അനുവാദം, കോൺടാക്ട് ക്ലാസ്സുദിവസങ്ങളിലുള്ള ഭക്ഷണം, ടെക്സ്റ്റു ബുക്കുകൾ എന്നിവ



ഉൾപ്പെടെ ഫീസ് ഒരു സെമസ്റ്ററിന് 1000/- രൂപ. മൂന്ന് സെമസ്റ്ററുകൾ വിജയകരമായി പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് നാലാം സെമസ്റ്റർ ഫീസായ 1000/- രൂപ സ്കോളർഷിപ്പായി നല്കുന്നതാണ്. 2016 ആഗസ്റ്റ് 1-ന് ആരംഭിക്കുന്ന ഈ കോഴ്സിന് ചേരാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ ബന്ധപ്പെടുക.

Dr. Chacko Puthenpurackal
President (PIA)
Director
Distance Education
St. Joseph Pontifical Seminary
Carmelgiri, PB No. 604
Aluva - 683 102
Ph. 0484 2603695 (Office)
(9.30 am - 4.30 pm)
E-mail: piadistanceedu@gmail.com

Dr.Siby Kurian Pulickal
Director
Distance Education (PIA)
St. Joseph Pontifical Seminary
Mangalapuzha, PB No. 01
Aluva - 683 102
Ph. 0484 2606085 (Office)
(9.30 am - 4.30 pm)
E-mail: piadistanceedu@gmail.com

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ്**

19 • പോത്താനിക്കാട് ഇടവക കാരക്കാട്ട് സിബി-ജോസ്മി ദമ്പതിമാരുടെ നാലാമത്തെ കുട്ടി അബ്രാഹത്തിന്റെ പ്രവേശക കൂദാശാകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• തൊടുപുഴ SABS പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന പ്രൊവിൻഷ്യൽ സിനാക്സിസിൽ ക്ലാസ്സെടുത്തു.

20 • ആരാധനാസന്യാസിനീസമൂഹാംഗമായ വട്ടക്കാവുങ്കൽ സി. ജർമാനയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ആനിക്കാട് മഠം ചാപ്പലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

22 • കുട്ടമ്പുഴ ഇടവകയിൽ നടന്ന ജീസസ് യൂത്തിന്റെ 'കെയ്റോസ് 2016' ധ്യാനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

• നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടന്ന സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് മീറ്റിംഗിനെ അഭിസംബോധന ചെയ്തു സംസാരിച്ചു.

• കത്തീഡ്രൽ ഇടവകദിനാഘോഷത്തിന്റെ മീറ്റിംഗിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

23-24• കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ മിഷൻ ശില്പശാലയിൽ പങ്കെടുത്തു.

28 • കോഴിപ്പിള്ളി എം.എസ്.ജെ. ജനറലേറ്റിൽ 13 നവസന്യാസിനികളുടെ നിത്യവ്രതവാഗ്ദാനത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

• മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കന്ററി സ്കൂളിൽ പുതിയതായി ആരംഭിച്ച സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

29 • മൂവാറ്റുപുഴ ഹോളി മാഗി ഫൊറോന പള്ളിയിലെ പുതിയ വിശ്വാസപരിശീലന അദ്ധ്യയനവർഷത്തിലെ പ്രവേശനോത്സവത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

• മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തിയ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ രൂപതാവാർഷിക സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

30 • മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടന്ന രൂപതയിലെ കോർപ്പറേറ്റ് മാനേജുമെന്റിന്റെ കീഴിലുള്ള കോളേജുകളിലെ HOD മാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

• ചെപ്പുകുളം ഇടവകയിൽ പുതിയതായി പണികഴിപ്പിച്ച UP സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നടത്തുകയും തുടർന്നു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

31 • കോതമംഗലം രൂപതാ അതിർത്തിക്കുള്ളിലെ നിയമസഭാ നിയോജക മണ്ഡലങ്ങളിൽനിന്നും വിജയിച്ച ബഹു. എം.എൽ.എ. മാർക്ക് കോതമംഗലം ബിഷപ്പ്സ് ഹൗസിൽ വച്ച് നൽകിയ സ്വീകരണത്തിൽ പങ്കെടുത്തു.

**ജൂൺ**

1 • കോതമംഗലം ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തിയ എപ്പാർക്കിയൽ ട്രൈബ്യൂണൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

2 • കോതമംഗലം മൈനർ സെമിനാരിയിൽ വച്ച് ദൈവവിളി പ്രോത്സാഹനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി വിളിച്ചുചേർത്ത ബഹു. കൊച്ചച്ചന്മാരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

3 • തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു.

• തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് ബിഷപ്പ്സ് ഹൗസിന്റെയും മൈനർ സെമിനാരിയുടെയും വെഞ്ചരിപ്പു കർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.



4 • കോതമംഗലം മൈനർ സെമിനാരിയിലേക്ക് പുതിയതായി കടന്നുവന്ന വൈദിക വിദ്യാർത്ഥികളുടെ പ്രവേശനദിനത്തിൽ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• കോതമംഗലം ബിഷപ്പ്സ് ഹൗസിൽ പുതുക്കി ക്രമീകരിച്ച രൂപതാ ലൈബ്രറിയുടെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

5 • മൂവാറ്റുപുഴ നെസ്റ്റിൽ നടത്തപ്പെട്ട ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഫൊറോന ഭാരവാഹികളുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

• വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് ജീസസ് യൂത്തിന്റെ കോതമംഗലം സോണിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'ദൈവകരുണയുടെ ആഘോഷം' എന്ന പരിപാടിയിൽ പങ്കെടുക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

6–8 • പി.ഒ.സി-യിൽ നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

9 • മുതലക്കോടം ഇടവക കുളങ്ങര ഓസ്റ്റിൻ ജോസ് (ജിബിൻ)– അന്നക്കുട്ടി (ഫെബിൻ) ദമ്പതിമാരുടെ വിവാഹം ആശീർവദിച്ചു.

10 • മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുകയും ചെയ്തു.

11 • വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന വിശ്വാസപരിശീലകരുടെ രൂപതാകൺവെൻഷന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

• അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് രചിച്ച "ഒന്നാം കോറിന്ത്യലേഖനം: സമ്പൂർണ്ണ വ്യാഖ്യാനം" എന്ന ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നിർവ്വഹിച്ചു.

12 • കുത്തുങ്കൽ സെന്റ് ജോർജ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

14 • നെല്ലിമറ്റം ഇടവകാംഗവും കോതമംഗലം രൂപതാ വൈദികനുമായ പീച്ചാട്ട് ബ. ജോസ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## Bishop's Engagements

**JULY 2016**

| | | | | |
|---|---|---|---|---|
| 1-5 | Fri-Tue | Engaged | | |
| 06 | Wed | Meeting | | |
| 07 | Thu | Baptism | Nadukani | 8.30 am |
| 09 | Sat | Mission League Meeting | NESTT | 10.00 am |
| 10 | Sun | Pastoral Visit | Purapuzha | |
| 11 | Mon | Marriage | Plassanal | 10.30 am |
| 12 | Tue | Study Forum | NESTT | |
| 16 | Sat | Baptism | Chilavu | 10.00 am |
| 17 | Sun | Pastoral Visit | Urulanthanny | |
| 19 | Tue | Holy Qurbana | NESTT | 6.30 am |
| 21-22 | Thu-Fri | Monthly Recollection | Kanjirappally | |
| 23 | Sat | Baptism | Vandamattom | 10.00 am |
| 24 | Sun | Pastoral Visit | Pothanikad | |
| 25 | Mon | Engaged | | |
| 26 | Tue | Meeting | NESTT | |
| 27-28 | Wed-Thu | Engaged | | |
| 31 | Sun | Pastoral Visit | Koduvely | |

### നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | ” | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | ” | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr.) | ” | 07-08-2002 |
| ഫാ. ജോർജ്ജ് എടാട്ടേൽ | ” | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | ” | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | ” | 25-08-1984 |
| ഫാ. ജോസ് കോടമുള്ളിൽ | ” | 28-08-2015 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | ” | 31-08-2000 |

## നിര്യാതരായി



### റവ. ഫാ. ജോസ് പീച്ചാട്ട്

ഇടവക : നെല്ലിമറ്റം
ജനനം : 02-12-1938
തിരുപ്പട്ടം : 10-03-1964
മരണം : 11-06-2016
മൃതസംസ്കാരം : 14-06-2016



**സേവനരംഗങ്ങൾ**

അസ്തേന്തി - വാഴക്കുളം
വികാരി - മങ്കുവ, പൂമാംകണ്ടം, തങ്കമണി, മീങ്കുന്നം, കടവൂർ, തൃക്കാരിയൂർ, നെയ്യശ്ശേരി, കരിമണ്ണൂർ, വാഴക്കുളം, കല്ലൂർക്കാട്
**മറ്റു സേവനരംഗങ്ങൾ** - KMGM ITC Director, Eparchial Procurator,

### റവ. സി. റൊമാനൂസ് CMC (തോട്ടത്തിമ്യാലിൽ)

ഇടവക : നെയ്യശ്ശേരി
ജനനം : 19-04-1939
ആദ്യവ്രതം : 01-05-1961
നിത്യവ്രതം : 01-05-1965
മരണം : 01-05-2016
മൃതസംസ്കാരം : 02-05-2016 (ആരക്കുഴ)

### റവ. സി. ഗ്ലോറിയ CMC (കളപ്പുരയ്ക്കൽ)

ഇടവക : കലയന്താനി
ജനനം : 11-12-1920
ആദ്യവ്രതം : 02-05-1942
നിത്യവ്രതം : 25-04-1948
മരണം : 02-05-2016
മൃതസംസ്കാരം : 04-05-2016 (വാഴക്കുളം)

### റവ. സി. കാതറൈൻ കീരിക്കാട്ട് SABS

ഇടവക : മൈലക്കൊമ്പ്
ജനനം : 07-10-1936
ആദ്യവ്രതം : 22-04-1961
നിത്യവ്രതം : 25-04-1966
മരണം : 27-05-2016
മൃതസംസ്കാരം : 28-05-2016 (മാറിക)

### റവ. സി. ഹ്യൂബർട്ട് MSJ (വാണിയകിഴക്കേൽ)

ഇടവക : വണ്ടമറ്റം
ജനനം : 21-11-1937
ആദ്യവ്രതം : 09-08-1960
നിത്യവ്രതം : 09-08-1966
മരണം : 20-06-2016
മൃതസംസ്കാരം : 21-06-2016 (പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)